# ഇസ്‌ലാമിക പാഠങ്ങൾ
# വിശദീകരണം




*The Cooperative Offices for Call & Guidance at Al-Badiah & Industrial Area*

*Under the Supervision of the Ministry of Islamic Affairs Endowment Guidance & Propagation*

**P.O. Box: 24932 Riyadh 11456 - K.S.A. (Al-Badiah) Tel.: 4330888 (Four Lines)**

**(Industrial Area) Tel.: 4303572 - Fax: 4301122**

# شرح الدروس المهمة

## ترجمه للغة المااليالم

## شعبة توعية الجاليات في الزلفي

الطبعة الأولى ٤/١٤١٧هـ.

ⓒ شعبة توعية الجاليات بالزلفي ، ١٤١٧هـ

*فهرسة مكتبة الملك فهد الوطنية أثناء النشر*

الفايز ، عبدالعزيز بن داود

شرح الدروس المهمة / ترجمة المكتب التعاوني للدعوة والإرشاد وتوعية الجاليات بالزلفي.

٥٢ ص ؛ ١٢ × ١٧ سم

ردمك : ١ - ٢٣ - ٨١٣ - ٩٩٦٠

(النص باللغة الماليالام)

١ . الإسلام - مبادىء عامة أ- المكتب التعاوني للدعوة والإرشاد وتوعية الجاليات (الزلفي) (مترجم)

ب. العنوان

ديوي ٢١١ ١٧/٠٩٩٠

رقم الايداع ١٧/٠٩٩٠

ردمك : ١ - ٢٣ - ٨١٣ - ٩٩٦٠

الصف والإخراج: **شعبة توعية الجاليات في الزلفي**

# ഉള്ളടക്കം


| നമ്പർ | വിഷയം | പേജ് |
|---|---|---|
| 1 | ഖുർആൻ പഠനം | 5 |
| 2 | ലാഇലാഹ ഇല്ലല്ലാഹ് | 6 |
| 3 | ഈമാൻ കാര്യങ്ങൾ | 11 |
| 4 | തൗഹീദിന്റെ ഇനങ്ങൾ | 19 |
| 5 | ഇസ്‌ലാം കാര്യങ്ങൾ | 22 |
| 6 | നമസ്കാരത്തിന്റെ ശർത്തുകൾ | 24 |
| 7 | നമസ്കാരത്തിന്റെ റുക്നുകൾ | 26 |
| 8 | നമസ്കാരത്തിന്റെ വാജിബുകൾ | 29 |
| 9 | തശഹ്ഹുദ് | 31 |
| 10 | നമസ്കാരത്തിന്റെ സുന്നത്തുകൾ | 35 |
| 11 | നമസ്കാരം മുറിയുന്ന കാര്യങ്ങൾ | 36 |
| 12 | വുദുവിന്റെ ശർത്തുകൾ | 38 |
| 13 | വുദുവിന്റെ ഫർദുകൾ | 39 |
| 14 | വുദുമുറിയുന്ന കാര്യങ്ങൾ | 41 |
| 15 | സൽസ്വഭാവിയാകുക | 43 |
| 16 | ഇസ്‌ലാമിക മര്യാദയുള്ളവനാകുക | 43 |
| 17 | ശിർകിനെ ശ്രദ്ധിക്കുക | 46 |
| 18 | മയ്യിത്ത് പരിപാലനം | 48 |

# പാഠം. 1

## ഖുർആൻ പഠനം

സൂറത്തുൽ ഫാതിഹയും, സൽസല മുതൽ അന്നാസ് വരെയുള്ള സൂറത്തുകളും തെറ്റുകൂടാതെ ഓതാൻപഠിക്കുക. നിർബന്ധമായവ മനഃപാഠമാക്കുക. ആവശ്യമായവ വിശദീകരണ സഹിതം പഠിക്കുക.

---

ഒന്നാമത്തെ പാഠത്തിൽ ശൈഖ് അബ്ദുൽഅസീസുബ്നു അബ്ദില്ലാഹിബ്നു ബാസ്- അല്ലാഹു അദ്ദേഹത്തിനു മഹത്തായ പ്രതിഫലം നൽകട്ടെ- പറയുന്നു: ഓരോ മുസ്ലിമും- തൻെറ കഴിവനുസരിച്ചു- സൂറത്തുൽ ഫാതിഹയും, തനിക്കു സാദ്ധ്യമായ ചെറിയ ഖുർആൻ അദ്ധ്യായങ്ങളും പഠിക്കണം. ഫാതിഹ പഠിക്കൽ വ്യക്തിപരമായ കടമയാകുന്നു. കാരണം, ഫാതിഹ ഓതാത്തവന് നമസ്കാരമില്ല എന്ന് ഹദീസിൽ സ്ഥിരപ്പെട്ടിട്ടുണ്ട്. ഇതു പഠിപ്പിക്കുന്നവർ താഴെ പറയുന്ന ഘട്ടങ്ങൾ സ്വീകരിക്കുന്നതു നന്നായിരിക്കും.

1-പാരായണം ചെയ്യാൻ അറിയാത്തവനാണെങ്കിൽ, ഓതിക്കേൾപ്പിക്കുക. ഓതാനറിയുന്നവനാണെങ്കിൽ രണ്ടാം ഘട്ടത്തിലേക്കു നീങ്ങാം. പാരായണം ശരിയാക്കലാകുന്നു ഈ ഘട്ടം. അനന്തരം മൂന്നാം ഘട്ടത്തിലേക്കു നീങ്ങുക. ഈ അദ്ധ്യായങ്ങൾ മനഃപാഠമാക്കുക. മനഃപാഠമാക്കുവാൻ വിവിധ മാർഗ്ഗങ്ങളുണ്ട്. പഠിപ്പിക്കുന്നവൻ ഓരോ ആയത്തും സാവധാനത്തിൽ, അക്ഷര സ്ഫുടതയോടെ ഓതുക. പഠിതാക്കളോട് തൻെറകൂടെ മനഃപാഠമാകുന്നതു വരെ അതേറ്റുചൊല്ലാൻ പറയുക. തുടർന്ന് ശ്രോതാവിനു മനസ്സിലാകും വിധം ആയത്തുകളുടെ ആശയം വിവരിച്ചു കൊടുക്കുക. ഓതിയ ആയത്തുകളിലുള്ള ചില വിധികൾ പറഞ്ഞു കൊടുക്കുക. ഉദാ:-

1-സൂറത്തുൽ ഫാതിഹ നമസ്കാരത്തിൻെറ ഒരു റുക്ൻ (മുഖ്യ ഘടകം) ആകുന്നു. നബി(സ) പറഞ്ഞു: ഫാതിഹതുൽ കിതാബ് ഓതാത്തവന് നമസ്കാരമില്ല. (ബുഖാരി, മുസ്ലിം, അ:ദാവൂദ്, തുർമുദി, നസാഈ, അഹ്മദ്).

2-അല്ലാഹുവിൻെറ നാമവിശേഷണങ്ങളിൽ വിശ്വസിക്കൽ, സല

# പാഠം.2

## കലിമതുത്തൗഹീദ്

ലാഇലാഹഇല്ലല്ലാഹുവിൻെറ വിശദമായ അർത്ഥം അതിൻെറ നിബന്ധനകൾ സഹിതം പഠിക്കുക. അതിൻെറ അർത്ഥം: ലാ ഇലാഹ (ഒരാരാധ്യനുമില്ല) -അല്ലാഹുവല്ലാതെ ആരാധിക്കപ്പെ ടുന്ന എല്ലാറ്റിനെയും നിഷേധിക്കുക. ഇല്ലല്ലാഹു (അല്ലാഹു ഒഴികെ). പങ്കുകാരില്ലാത്ത വിധം, ഏകനായി, അല്ലാഹുവിനു മാത്രം ആരാധനയെ സ്ഥിരീകരിക്കുക.*

---

=ഫുസ്വാലിഹുകളും, ഇമാമുകളും ഏകോപിച്ച കാര്യമാകുന്നു. അല്ലാഹു അവനു തന്നെ സ്ഥിരപ്പെടുത്തിയതോ, നബി (സ) സ്ഥിരപ്പെടുത്തിയതോ ആയ നാമവിശേഷണങ്ങളെ അവരും സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അല്ലാഹുവും റസൂലും നിഷേധിച്ചവ യെ അവരും നിഷേധിച്ചിട്ടുമുണ്ട്. നിരാകരണമോ, വ്യാഖ്യാന മോ, രൂപസാദൃശ്യമോ, രൂപസങ്കൽപമോ കൂടാതെയാണവർ അതു ചെയ്തത്.

3-അല്ലാഹുവിന് തൃപ്തിയും, ഇഷ്ടവുമുള്ള ആന്തരികവും, ബാഹ്യവുമായ എല്ലാ വാക്കുകൾക്കും പ്രവൃത്തികൾക്കും പറയപ്പെടുന്ന പേരാണ് ഇബാദത് (ആരാധന). സൂറത്തുൽ ഫാതിഹയിൽ അധ്യാപകൻ ഉണർത്തിയിരിക്കേണ്ട മറ്റു വിധികൾ: ആരാധനയിൽ ശിർക് കലർന്നാൽ ആരാധന നിഷ്ഫലമാകും. മുസ്ലിം പ്രതിഫലനാളിനെ സദാ ഓർത്തുകൊണ്ടിരിക്കണം. ആ ദിനത്തെ മറക്കാതിരിക്കൽ, നല്ല കാര്യങ്ങൾ ചെയ്യാനും, നിഷിദ്ധ കാര്യങ്ങൾ ഉപേക്ഷിക്കാനും സഹായകമാകും. ബാക്കിയുള്ള സൂറത്തുകളും ഇങ്ങനെത്തന്നെ പഠിപ്പിക്കുക, ഹൃദിസ്ഥമാക്കുക,വിശദീകരിക്കുക.

*ഈ പാഠത്തിൽ ഗ്രന്ഥകാരൻ രണ്ടുസാക്ഷ്യവാക്യങ്ങളെ കുറിച്ചു പറയുന്നു. അതിൻെറ ഉദ്ദേശ്യങ്ങൾ നമുക്കു താഴെ കാണും വിധം വിശദീകരിക്കാം.

1-കലിമയുടെ സ്ഥാനം: ഇസ്ലാം കാര്യങ്ങളിൽ ഒന്നാമത്തേതാണ് ഈ രണ്ടു വാക്യങ്ങൾ. ഇബ്നു ഉമറി(റ)ൽ നിന്നു നിവേദനം, നബി (സ) പറയുന്നു: ഇസ്ലാം അഞ്ചെണ്ണത്തിന്മേൽ സ്ഥാപിതമായിരിക്കുന്നു. ആരാധനക്കർഹൻ അല്ലാഹു

അല്ലാതെ യാതൊന്നുമില്ല, മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാകുന്നു എന്നും സാക്ഷ്യം വഹിക്കൽ, നമസ്കാരം ക്രമപ്രകാരം നിർവ്വഹിക്കൽ, സകാത് നൽകൽ, റമളാനിലെ നോമ്പ്, കഴിവുള്ളവർ അല്ലാഹുവിൻെറ പരിശുദ്ധ ഭവനത്തിലേക്കു തീർത്ഥയാത്ര ചെയ്യൽ. *ബുഖാരി, മുസ്ലിം, അഹ്മദ്, തുർമുദി.* ഇസ്ലാമിൻെറ അടിത്തറ, അതിൻെറ ഉരുക്കുകോട്ട, ഓരോ മനുഷ്യൻെറയും പ്രഥമവും, പ്രധാനവുമായകടമ ഇവയെല്ലാം കലിമതുത്തൗഹീദാകുന്നു. എല്ലാപ്രവർത്തനങ്ങളുടെയും സ്വീകാര്യത, ഈവാക്കു പറയുന്നതിലും, അതനുസരിച്ചുള്ള പ്രവർത്തനങ്ങളിലും നിക്ഷിപ്തമാകുന്നു.

2-**അർത്ഥം.** അല്ലാഹുവല്ലാതെ ആരാധനക്കു യഥാർത്ഥ അർഹനില്ല എന്നാണിതിൻെറ യഥാർത്ഥ ആശയം. അല്ലാഹുവല്ലാതെ സ്രഷ്ടാവില്ല, അസ്തിത്വമുള്ളവനില്ല, അന്നദാദാവില്ല എന്നൊന്നും അതിൻെറ പൂർണ്ണ അർത്ഥമല്ല. കാരണം, സ്രഷ്ടാവ് അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്ന് മക്കാമുശ്രികുകളും നിഷേധിച്ചിരുന്നില്ല. എന്നിട്ടും അവർക്കത് ഗുണംചെയ്തില്ല. നബി (സ) അവരോട് "നിങ്ങൾ ലാഇലാഹ ഇല്ലല്ലാഹു പറയുക" എന്നു വിളംബരം ചെയ്തപ്പോൾ അവർക്കതിൻെറ അർത്ഥം വ്യക്തമായി മനസ്സിലായിരുന്നു. അതുകൊണ്ടാണവർ നബിയെ നിഷേധിച്ചതും. ആധുനിക കാലത്ത്, അർത്ഥം മനസ്സിലാക്കാതെ ലാഇലാഹഇല്ലല്ലാഹു പറയുകയും, അല്ലാഹുവിൻെറകൂടെ ഔലിയാക്കളെയും, ഖബ്റാളികളെയും വിളിച്ചുപ്രാർത്ഥിക്കുകയും, ഞങ്ങൾ ഏകദൈവ വിശ്വാസികളാണെന്നു ജൽപ്പിക്കുകയും ചെയ്യുന്നവരെ കുറിച്ചു അദ്ഭുതംകൂറുകയല്ലാതെ എന്തു ചെയ്യാനാണ്!? അല്ലാഹു രക്ഷിക്കട്ടെ.

3-**അതിൻെറ റുക്നുകൾ (ഘടകങ്ങൾ).** ലാഇലാഹ ഇല്ലല്ലാഹുവിന് രണ്ടു ഘടകങ്ങളുണ്ട്.

1- لا إله - യാതൊരു ആരാധ്യനുമില്ല എന്ന **നിഷേധം.**

2- إلا الله - അല്ലാഹു ഒഴികെ എന്ന **സ്ഥിരീകരണം.**

ലാഇലാഹഎന്നത് അല്ലാഹുവല്ലാത്ത എല്ലാ ആരാധിക്കപ്പെടുന്ന വസ്തുക്കളുടെയും ആരാധ്യതയെ നിഷേധിക്കുന്നു. ഇല്ലല്ലാഹു, ഏകനായ അല്ലാഹുവിനു, പങ്കുകാരില്ലാത്തവിധം ആരാധ്യതയെ സ്ഥിരീകരിക്കുന്നു.

**4-ശ്രേഷ്ഠതകൾ:** ഇതിനു മഹത്തായ ശ്രേഷ്തകളുണ്ട്, അല്ലാ
ഹുവിന്റെപക്കൽ ഉന്നതസ്ഥാനമുണ്ട്. അത് സത്യസന്ധമായി
ഉച്ചരിച്ചവനെ അല്ലാഹു സ്വർഗ്ഗത്തിൽപ്രവേശിപ്പിക്കും. കളവായി
ക്കൊണ്ടു ഉച്ചരിച്ചവനാണെങ്കിലും അവന്റെ ജീവനും, സ്വത്തി
നും ഇഹലോകത്തു സംരക്ഷണംനൽകപ്പെടും. പ രലോകത്തി
ൽ അവന്റെ യഥാർത്ഥവിചാരണ അല്ലാഹുവിന്റെ അടുക്ക
ലാകുന്നു. അവന് കപടവിശ്വാസികളുടെവിധി ബാധകമായിരി
ക്കും. അത് അക്ഷരങ്ങൾ കുറഞ്ഞ, ആശയ സമ്പുഷ്ടമായ വാ
ക്യമാണ്. നാവിനു കനംകുറഞ്ഞതും, പരലോകത്തെ ത്രാസിൽ
കനംകൂടിയതുമാകുന്നു. ഹാഫിദ് ഇബ്നുറജബ് തന്റെ "ക
ലിമതുൽ ഇഖ്‌ലാസ്" എന്നഗ്രന്ഥത്തിൽ തെളിവുസഹിതം ഉദ്ധ
രിച്ചിട്ടുള്ള ചില ശ്രേഷ്ഠതകൾ പറയാം:

കലിമതുത്തൗഹീദ് സ്വർഗ്ഗത്തിന്റെ വിലയാകുന്നു. ആരുടെ അ
വസാനവാക്ക് അതായോ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു.
അത് നരകത്തിൽനിന്നുള്ള മോചനമാണ്. അത് പാപമോച നം
നിർബന്ധമാക്കും. നന്മകളിൽവച്ചു ഏറ്റവുംനല്ല നന്മയാ ണത്.
അത് പാപങ്ങളെ മായിച്ചുകളയും. അല്ലാഹുവിലേക്കെ
ത്താനുള്ള സർവ്വമറകളെയും അതു നീക്കിക്കളയും. ഈവാക്കു
പറഞ്ഞവനെ അല്ലാഹുസത്യപ്പെടുത്തും. മുഴുവൻ പ്രവാചകരും
പറഞ്ഞ ഏറ്റവുംശ്രേഷ്ഠ വചനമാണിത്. ഉത്തമ ദിക്റാണത്. ഉ
ത്തമ പ്രവർത്തനമാണത്. പ്രതിഫലം ഇരട്ടിക്കുന്ന ഏറ്റവും വ
ലിയതുമാണത്. അടിമകളെ മോചിപ്പിക്കുന്നതിനു സമമാണത്.
പിശാചിൽനിന്നുള്ള സംരക്ഷണമാണ്. മഹ്ശറിലും, ഖബ്റിലെ
ഏകാന്തതയിലും നിർഭയത്വമാണ്. ഉയിർത്തെഴുന്നേൽപ്പിന്റെ
നാളിലെ സത്യവിശ്വാസിയുടെ അടയാളമാണത്. അത് ഉച്ചരിച്ച
വന് സ്വർഗ്ഗത്തിന്റെ എട്ടുവാതിലുകളും തുറക്കപ്പെടും. അവ
നിഷ്ടമുള്ളതിലൂടെ പ്രവേശിക്കാം. ഈവാക്കുപറഞ്ഞവൻ, മറ്റു
പ്രവർത്തനങ്ങളിൽ നിസ്സാരവീഴ്ചകൾ വന്നതിനാൽ നരകത്തി
ൽ പ്രവേശിച്ചാലും, അവൻ നരകത്തിൽ നിന്നും നിർബന്ധമാ
യും പുറത്താക്കപ്പെടും.

മുഹമ്മദുൻ റസൂലുല്ലാഹി: മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാ
കുന്നു എന്നസാക്ഷ്യവാക്യത്തിന്റെഉദ്ദേശ്യം, അദ്ദേഹത്തിൽ വി
ശ്വസിക്കുക, അദ്ദേഹം പറഞ്ഞതെല്ലാം വിശ്വസിക്കുക, കൽപ്പിച്ച
അനുസരിക്കുക, വിരോധിച്ചകാര്യങ്ങൾ ഉപേക്ഷിക്കുക, വി

## ലാഇലാഹ ഇല്ലല്ലാഹുവിൻെറ നിബന്ധനകൾ

**അറിവ്:** അജ്ഞതയുടെ വിപരീതം, **ദൃഢത:** സംശയത്തിൻെറ വിപരീതം, **നിഷ്കളങ്കത:** ശിർകിൻെറ വിപരീതം, **സത്യസന്ധത:** കളവിൻെറ വിപരീതം, **സ്നേഹം:** വിദ്വേഷത്തിൻെറ വിപരീതം, **കീഴ്പെടൽ:** നിരാകരണത്തിൻെറ വിപരീതം, **സ്വീകാര്യത:** തിരസ്കാരത്തിൻെറ വിപരീതം, **അല്ലാഹു അല്ലാതെ ആരാധിക്കപ്പെടുന്ന എല്ലാറ്റിനെയും നിഷേധിക്കുക.***

---

= ധിവിലക്കുകളെ മാനിക്കുക, അദ്ദേഹത്തിൻെറവാക്കിനെക്കാൾ മറ്റൊരുസൃഷ്ടിയുടെയും-അതാരാകട്ടെ- വാക്കിനു മുൻഗണന നൽകാതിരിക്കുക.

6-സ്വർഗ്ഗ പ്രവേശനത്തിനു കാരണം: അല്ലാഹുവല്ലാതെ ആരാധ്യനില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു. മുഹമ്മദ് അവൻെറ ദാസനും, ദൂതനുമാകുന്നു എന്ന സാക്ഷ്യവാക്യവും, ഈസാ (അ) അല്ലാഹുവിൻെറ ദാസനും, ദൂതനും, മർയമിലേക്ക് അല്ലാഹു ഇട്ടുകൊടുത്ത അവൻെറ വചനവും, അവനിൽ നിന്നുള്ള ആത്മാവുമാണ്, സ്വർഗ്ഗവും നരകവും സത്യമാണ് എന്നു പറഞ്ഞവൻ അവൻെറ പ്രവർത്തനങ്ങൾക്കനുസരിച്ചു അവനെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കും എന്നറിയുക. ഇത് ഉബാദതുബ്നുസ്വാമിത് നബി (സ)യിൽ നിന്നും റിപ്പോർട്ടു ചെയ്തിരിക്കുന്നു.

*ലാഇലാഹ ഇല്ലല്ലാഹുവിന് ഏഴു ശർതുകൾ ഉണ്ടെന്ന് പണ്ഢിതർ പറയുന്നു. ഗ്രന്ഥകാരകനപ്പോലെയുള്ള ചിലർ എട്ടാണെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്.

1-**അറിവ്:** ആരാധ്യൻ അല്ലാഹു മാത്രമാകുന്നു, മറ്റുള്ളവക്കു ചെയ്യപ്പെടുന്ന ആരാധനകളെല്ലാം നിഷ്ഫലമാകുന്നു എന്നു മനുഷ്യൻ മനസ്സിലാക്കി, അതനുസരിച്ചു പ്രവർത്തിച്ചാൽ അവൻ ഇതിൻെറ ആശയം മനസ്സിലാക്കിയവനായിത്തീരും. അല്ലാഹു പറയുന്നു: **ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് നീമനസ്സിലാക്കുക.** [മുഹമ്മദ്:19]. **അറിഞ്ഞുകൊണ്ട് തന്നെ സത്യത്തിനു സാക്ഷ്യംവഹിച്ചവരൊഴികെ.** [സുഖ്റുഫ്: 86]. നബി(സ) പറഞ്ഞു: **ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ല എന്നുമനസ്സിലാക്കിക്കൊണ്ട് ആരെങ്കിലും മരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും.** [മുസ്ലിം].

2-ദൃഢത. ഇത് അറിഞ്ഞുകഴിഞ്ഞാൽ തൻെറമനസ്സിൽ അത് ദൃഢീകരിക്കൽ നിർബന്ധമാണ്. ആരാധനയിൽ അല്ലാഹുവിനുള്ള യഥാർത്ഥ അർഹതയും, മറ്റുള്ളവയുടെ ആരാധ്യതയിലെ നിരർത്ഥതയും ശരിയാണെന്ന് വിശ്വസിക്കണം. അല്ലാഹു പറയുന്നു. നിനക്കും നിൻെറമുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). [അൽബഖറ:4].

അബൂഹുറയ്റ (റ) യിൽ നിന്നുനിവേദനം, നബി(സ) പറഞ്ഞു: ഹൃദയദാർഢ്യത്തോടെ ലാഇലാഹഇല്ലല്ലാഹു എന്നുസാക്ഷ്യം വഹിക്കുന്ന ആരെയെങ്കിലും ഈമതിലിനപ്പുറത്തു കണ്ടാൽ, അവന്ന് സ്വർഗ്ഗമുണ്ടെന്ന് നീ സന്തോഷവാർത്ത നൽകുക.

3-സ്വീകാര്യത: ഈവാക്കിൻെറ പൊരുൾ മനസ്സാ വാചാ സ്വീകരിക്കുക. അല്ലാഹു പറയുന്നു: അല്ലാഹുവിലും, അവനിൽ നിന്നു ഞങ്ങൾക്കു അവതരിപ്പിച്ചുകിട്ടിയതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. [അൽബഖറ:136].

4-കീഴ്വണക്കം: ഈ മഹദ്വചനം സൂചിപ്പുക്കുന്ന കാര്യങ്ങൾക്കു കീഴ്പ്പെടുക. അല്ലാഹു പറയുന്നു. സദ്വൃത്തനായിക്കൊണ്ട് തൻെറമുഖത്തെ അല്ലാഹുവിനു കീഴ്പ്പെടുത്തുകയും ചെയ്തവനെക്കാൾ ഉത്തമമതക്കാരൻ ആരുണ്ട്? [അന്നി സാഅ്:125]. വല്ലവനും സദ്വൃത്തനായിക്കൊണ്ട് തൻെറമുഖത്തെ അല്ലാഹുവിനു സമർപ്പിക്കുന്നപക്ഷം, ഏറ്റവുംഉറപ്പുള്ള പിടിക്കയറിൽ തന്നെയാണ് അവൻ പിടിച്ചിട്ടുള്ളത്. [ലുഖ്മാൻ:22].

5-സത്യസന്ധത. അല്ലാഹുവിലുള്ള വിശ്വാസം സത്യസമ്പൂർണ്ണമായിരിക്കുക. വിശ്വാസത്തിലും, വാക്കിലും, പ്രാർത്ഥനയിലും സത്യസന്ധനായിരിക്കുക. അല്ലാഹു പറയുന്നു. സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക. [തൗബ:119].

6-നിഷ്കളങ്കത. തൻെറ എല്ലാവാക്കും, പ്രവൃത്തിയും അല്ലാഹുവിൻെറ പ്രീതിയും, തൃപ്തിയും മാത്രം കാംക്ഷിച്ചു, നിഷ്കളങ്കമായിരിക്കുക. അതിൽ നാട്യങ്ങളില്ലാതിരിക്കുക. അല്ലാഹു പറയുന്നു. കീഴ്വണക്കം അല്ലാഹുവിനു മാത്രമാക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനല്ലാതെ അവർ കൽപ്പിക്കപ്പെട്ടിട്ടില്ല. [ബയ്യിന:5]. =

# പാഠം.3

## ഈമാൻ കാര്യങ്ങൾ

ഈമാൻ കാര്യങ്ങൾ ആറ്. അല്ലാഹുവിലും, അവൻെറ മലക്കുകളിലും, വേദഗ്രന്ഥങ്ങളിലും, പ്രവാചകരിലും, അന്ത്യനാളിലും, നന്മതിന്മയിലുള്ള വിധിയിലും വിശ്വസിക്കുക.*

---

= നബി(സ) പറഞ്ഞു: എൻെറശുപാർശ ലഭിക്കുന്ന സൗഭാഗ്യവാൻ നിഷ്കളങ്കമനസ്സോടെ ലാഇലാഹഇല്ലല്ലാഹു പറഞ്ഞവനായിരിക്കും. (ബുഖാരി).

7-സ്നേഹം: ഈ വാക്യത്തെയും, അതിൻെറ പൊരുളിനെയും, ഉദ്ദേശ്യത്തെയും സ്നേഹിക്കുക. അല്ലാഹുവിനെയും അവൻെറ ദൂതനെയും സ്നേഹിക്കുക. എല്ലാറ്റിനെക്കാളും മുൻഗണനാർഹമായി അല്ലാഹുവിനെയും അവൻെറ ദൂതനെയും സ്നേഹിക്കുക. അല്ലാഹു പറയുന്നു: **അല്ലാഹുവിനു പുറമെയുള്ളവരെ അവനു സമന്മാരാക്കുന്ന ചില ആളുകളുണ്ട്. അല്ലാഹുവെ സ്നേഹിക്കുന്നതു പോലെ ഈ ആളുകൾ അവരെയും സ്നേഹിക്കുന്നു. എന്നാൽ സത്യവിശ്വാസികൾ അല്ലാഹുവോട് അതിശക്തമായ സ്നേഹമുള്ളവരത്രെ.** (അൽബഖറ:165).

8-അല്ലാഹുവല്ലാത്ത എല്ലാആരാധ്യരെയും നിഷേധിക്കുക. നബി (സ)പറഞ്ഞു: ആരെങ്കിലും ലാഇലാഹഇല്ലല്ലാഹു പറയുകയും അല്ലാഹുവിനുപുറമെ ആരാധിക്കപ്പെടുന്ന എല്ലാറ്റിനെയും നിഷേധിക്കുകയും ചെയ്യുന്നുവോ, അല്ലാഹു അവൻെറധനവും ജീവനും ആദരിച്ചിരിക്കുന്നു. അവൻെറവിചാരണ അല്ലാഹുവിൻെറ പക്കലാകുന്നു. (മുസ്‌ലിം).

*ഇതിനുള്ള തെളിവ് ജിബ്‌രീൽ നബി(സ)യോട് വിശ്വാസത്തെ കുറിച്ചു ചോദിച്ചപ്പോൾ അദ്ദേഹംപറഞ്ഞ വചനമാകുന്നു. ഈമാൻ എന്നാൽ നീ അല്ലാഹുവിലും, അവൻെറമലക്കുകളിലും, ഗ്രന്ഥങ്ങളിലും, ദൂതരിലും, അന്ത്യദിനത്തിലും, നന്മതിന്മകളിലുള്ള വിധിയിലും വിശ്വസിക്കലാകുന്നു. (മുസ്‌ലിം, അ:ദാ, തിർമിദി, അഹ്മദ്).

1-അല്ലാഹുവിലുള്ള വിശ്വാസം:

ഇതിൽ നാലുകാര്യങ്ങൾ ഉൾക്കൊള്ളുന്നു.

**i-അല്ലാഹുവിൻെറ അസ്തിത്വത്തിലുള്ള വിശ്വാസം.** മനുഷ്യൻെ പ്രകൃതി, ബുദ്ധി,ചിന്ത,മതനിയമങ്ങൾ എന്നിവ അല്ലാഹുവിൻെറ അസ്തിത്വത്തിനുള്ള തെളിവാകുന്നു.

**പ്രകൃതിപരമായതെളിവ്:** യാതൊരു മുൻചിന്തയും അധ്യാപനവും കൂടാതെതന്നെ, എല്ലാസൃഷ്ടികളും തൻെറസ്രഷ്ടാവിനെകുറിച്ചുള്ള ചിന്തയോടെ ജനിക്കുന്നു. നബി (സ)പറഞ്ഞു: ഓരോ കുഞ്ഞും ശുദ്ധ പ്രകൃതിയോടെയല്ലാതെ ജനിക്കുന്നില്ല. പിന്നെ അവൻെറമാതാപിതാക്കൾ അവനെ ജൂതനും, കൃസ്ത്യാനിയും, അഗ്നിയാരാധകനും ആക്കുന്നു. (ബുഖാരി, മുസ്ലിം).

**ബുദ്ധിപരമായ തെളിവ്:** ഇവിടെ കാണപ്പെടുന്ന പുതിയതും പഴയതുമായ എല്ലാസൃഷ്ടികൾക്കും ഒരുസ്രഷ്ടാവ് അനിവാര്യമാണ്. കാരണം, ഒരുവസ്തുവും ഇവിടെ സ്വയംസൃഷ്ടിച്ചിട്ടില്ല, പെട്ടെന്നുണ്ടായതുമല്ല.

**മതപരമായ തെളിവ്:** മുഴുവൻ ദൈവീകഗ്രന്ഥങ്ങളും ദൈവാസ്തിത്വത്തെകുറിച്ചു വിവരംനൽകുന്നു. അതിൽ ഏറ്റവും മഹത്തായഗ്രന്ഥം പരിശുദ്ധഖുർആനാകുന്നു. അപ്രകാരം തന്നെ മുഴുവൻദൈവദൂതരും- അവരിൽ നേതാവും അന്തിമ പ്രവാചകനുമായ മുഹമ്മദുനബിയും- ഇതിലേക്കു മാർഗ്ഗം കാണിക്കുകയും, അത് വിശദമാക്കുകയും ചെയ്തിരിക്കുന്നു.

**ചിന്താപരമായ തെളിവുകൾ രണ്ടിനമാണ്.**

1-പ്രാർത്ഥിക്കുന്നവർക്ക് ഉത്തരവും, വിഷമിക്കുന്നവർക്ക് സഹായവും ലഭിക്കുന്നതായി നാം കാണുന്നു. ഇത് ദൈവാസ്തിത്വത്തിൻെറ ഖണ്ഡിതമായ തെളിവാണ്.

2--ദൈവദൂതന്മാർക്കു നൽകപ്പെട്ട "അമാനുഷിക ദൃഷ്ടാന്തങ്ങൾ". അവ ജനങ്ങൾ നഗ്നനേത്രങ്ങൾ കൊണ്ടു കണ്ടവയും, അവരതു കേട്ടതുമാണ്. ഇതെല്ലാം ലോകത്തിന് ഒരു സ്രഷ്ടാവും, നിയന്ത്രകനും, സംരക്ഷകനുമുണ്ട് എന്നതിനുള്ള വ്യക്തമായ തെളിവുകളാണ്.

**ii-രക്ഷാകർതൃത്വത്തിലുള്ള** വിശ്വാസം: അവൻ ഏകനായ രക്ഷിതാവാണ്. പങ്കുകാരോ സഹായിയോ ഇല്ല. സൃഷ്ടിപ്പ്, ശാസനാധികാരം, ഉടമസ്ഥത എന്നിവ ഉള്ളവനാണ് രക്ഷകർത്താവ് (റബ്ബ്). അല്ലാഹുവല്ലാതെ സ്രഷ്ടാവോ, ശാസനാധികാരിയോ, ഉടമസ്ഥനോ ഇല്ല. അല്ലാഹു പറയുന്നു: **അറിയുക, സൃഷ്ടി**

ഷ്ടം, ശാസനാധികാരവും അവനുതന്നെയാണ്. [അഅ്റാഫ്:54]. **അങ്ങനെയുള്ളവനാകുന്നു നിങ്ങളുടെരക്ഷിതാവായ അല്ലാഹു. അവന്നാകുന്നു ആധിപത്യം. അവന്നു പുറമെ ആരോടു നിങ്ങൾ പ്രാർത്ഥിക്കുന്നുവോ, അവർ ഒരു ഈത്തപ്പനക്കുരുവിൻെറ പാടപോലും ഉടമപ്പെടുത്തുന്നില്ല.** [ഫാത്വിർ:13]

iii-ദിവ്യത്വത്തിലുള്ള വിശ്വാസം: അവൻ ഏകനായ യഥാർത്ഥ ആരാധ്യനാകുന്നു. അവനുപങ്കുകാരില്ല. "ഇലാഹ്" എന്നാൽ സ്നേഹ ബഹുമാനപുരസ്സരം ആരാധിക്കപ്പെടുന്നത് എന്നർത്ഥം. അല്ലാഹു പറയുന്നു: **നിങ്ങളുടെദൈവം ഏകദൈവം മാത്രമാകുന്നു. അവനല്ലാതെ യാതൊരു ദൈവവുമില്ല. അവൻ പരമകാരുണികനും കരുണാനിധിയുമത്രെ.** [അൽബഖറ: 163].

**നൂഹിനെ അദ്ദേഹത്തിൻെറ ജനതയിലേക്കു നാം അയക്കുകയുണ്ടായി. എന്നിട്ടദ്ദേഹം പറഞ്ഞു: എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവെ ആരാധിക്കുവിൻ. അവനല്ലാതെ നിങ്ങൾക്കു ഒരു ദൈവവുമില്ല.** [അഅ്റാഫ്:59]

iv-നാമവിശേഷണങ്ങളിലുള്ള വിശ്വാസം: അല്ലാഹു അവൻെറ ഗ്രന്ഥത്തിൽ സ്ഥിരപ്പെടുത്തിയവ, അല്ലെങ്കിൽ പ്രവാചകൻെറ സുന്നത്തിൽ സ്ഥിരപ്പെട്ട നാമവിശേഷണങ്ങൾ അല്ലാഹുവിനു അനുയോജ്യമാംവിധം സ്ഥിരീകരിക്കുക. യാതൊരു വ്യാഖ്യാനമോ, നിരാകരണമോ, രൂപസാദൃശ്യമോ, രൂപസങ്കൽപമോ കൂടാതെ ആയിരിക്കണമത്. അല്ലാഹു പറയുന്നു: **അവനു തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാംകാണുന്നവനും, കേൾക്കുന്നവനുമാകുന്നു.** [ശൂറാ:11].

അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ സദ്ഫലങ്ങൾ:

1-അല്ലാഹുവിൻെറഏകത്വം ബോധ്യപ്പെടൽ, ഭയപ്രതീക്ഷാദികളിൽ അവനിലല്ലാതെ ആസ്പദിക്കാതിരിക്കൽ, അവനെയല്ലാതെ ആരാധിക്കാതിരിക്കൽ.

2-അല്ലാഹുവിനെ പൂർണ്ണമായിസ്നേഹിക്കുക. അവൻെറസൽപേരുകളും, ഉന്നതവിശേഷണങ്ങൾക്കുമനുസരിച്ചു അവനെ മഹത്വപ്പെടുത്തുക.

3-അവൻെറ വിധിവിലക്കുകളനുസരിച്ചു അവനെ ആരാധിക്കുക.

2-മലക്കുകളിലുള്ള വിശ്വാസം

1-മലക്കുകൾ: പ്രകാശം കൊണ്ടു സൃഷ്ടിക്കപ്പെട്ട, അല്ലാഹുവി

നെ ആരാധിക്കുന്ന, അദൃശ്യലോകത്തെ സൃഷ്ടികൾ. സൃഷ്ടിപ്പിലോ, ആരാധ്യതയിലോ അവർക്ക് യാതൊരുപങ്കുമില്ല. അല്ലാഹു അവരെ പ്രകാശത്താൽസൃഷ്ടിച്ചു. അല്ലാഹുവിൻെറകൽപ്പനക്കു പൂർണ്ണമായികീഴ്പ്പെടാനും, അതു നടപ്പാക്കാനുമുള്ള കഴിവ് അവർക്ക് അവൻ നൽകി. അവരുടെഎണ്ണം എത്രയാണെന്ന് അല്ലാഹുവിനല്ലാതെ മറ്റാർക്കുംഅറിയില്ല.

2-മലക്കുകളിലുള്ള വിശ്വാസം നാലുകാര്യങ്ങൾ ഉൾക്കൊള്ളുന്നു.

1-മലക്കുകൾ ഉണ്ട്. 2-അവരിൽനിന്നും പേരറിയപ്പെട്ടവരിൽ വിശ്വസിക്കുക. ഉദാ: ജിബ്രീൽ. നമുക്ക് പേരറിയാത്തവരിലും മൊത്തമായി വിശ്വസിക്കുക. 3-നമുക്കറിയാവുന്ന അവരുടെ വിശേഷണങ്ങളിൽ വിശ്വസിക്കുക. 4-അല്ലാഹുവിൻെറകൽപ്പന പ്രകാരം അവർനിർവ്വഹിക്കുന്ന ജോലികളിൽവിശ്വസിക്കുക. ഉദാ: മനുഷ്യാത്മാവിനെ പിടിക്കാൻ ചുതലപ്പെടുത്തപ്പെട്ട മലകുൽമൗത്.

3-വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം

ഇതുകൊണ്ടുദ്ദേശ്യം, അല്ലാഹു തൻെറസൃഷ്ടികൾക്കു അനുഗ്രഹവും ഐഹിക പാരത്രികവിജയത്തിൽ എത്താവുന്ന സന്മാർഗ്ഗദർശനമായും ദൂതന്മാർക്ക് ഇറക്കിക്കൊടുത്ത ഗ്രന്ഥങ്ങളാണ്.

ഗ്രന്ഥങ്ങളിലുള്ള വിശ്വാസം അനിവാര്യമാക്കുന്ന കാര്യങ്ങൾ

1-അവയെല്ലാം യഥാർത്ഥമായും അല്ലാഹുവിൽനിന്നും അവതീർണ്ണമായവയാണെന്ന വിശ്വാസം.

2-അവയിൽ നമുക്കറിയാവുന്നപേരുകൾ വിശ്വസിക്കുക. ഉദാ: മുഹമ്മദുനബിക്കു നൽകപ്പെട്ട ഖുർആൻ, മൂസാനബിക്കു നൽകപ്പെട്ട തൗറാത്.

3-അവയിലെ വൃത്താന്തങ്ങൾ കേൾക്കുക, വിശ്വസിക്കുക. ഉദാ: ഖുർആനിലെ വൃത്താന്തങ്ങൾ, മുൻവേദഗ്രന്ഥങ്ങളിൽ ഭേദഗതിക്കു വിധേയമാകാത്ത വൃത്താന്തങ്ങൾ.

4-അവയിൽ ദുർബലപ്പെടുത്തപ്പെട്ടിട്ടില്ലാത്ത വിധിയനുസരിച്ചു പ്രവർത്തിക്കുക. ആ വിധിയിൽ തൃപ്തിയും, സമ്മതവും ഉണ്ടായിരിക്കുക. അവയിലടങ്ങിയ തത്വങ്ങൾ നമുക്കു ഗ്രാഹ്യമാകട്ടെ, അല്ലാതിരിക്കട്ടെ. ഖുർആൻ മുൻവേദഗ്രന്ഥങ്ങളെയെല്ലാം ദുർബലപ്പെടുത്തിയിരിക്കുന്നു. അല്ലാഹു പറയുന്നു: (നബിയേ,) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിരി

ക്കുന്നു. അതിന്റെമുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവക്കുന്നതും, അവയെകാത്തുരക്ഷിക്കുന്നതുമത്രെ അത്. [മാഇദ:48].

**ഗ്രന്ഥത്തിലുള്ള വിശ്വാസത്തിന്റെ സദ്ഫലങ്ങൾ**

1-ഓരോസമുദായത്തിനും വേദഗ്രനന്ഥം ഇറക്കിക്കൊടുക്കുകവഴി അല്ലാഹു തന്റെസൃഷ്ടികളോടു കാണിച്ചകാരുണ്യം മനസ്സിലാക്കുക.

2-അല്ലാഹുവിന്റെ തത്വജ്ഞാനത്തെ അറിയുക. ഓരോജനതക്കും യോജ്യമാംവിധം അവൻനൽകിയിട്ടുള്ള മതനിയമങ്ങളിൽ അടങ്ങിയിട്ടുള്ള തത്വങ്ങൾ അറിയുക. അല്ലാഹു പറയുന്നു: നിങ്ങളിൽ ഓരോരാവിഭാഗത്തിനും ഓരോനിയമക്രമവും, കർമ്മമാർഗ്ഗവും നാം നിശ്ചയിച്ചു തന്നിരിക്കുന്നു. [മാഇദ:48].

3-അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കു നന്ദിയുള്ളവരായിരിക്കുക.

**4-പ്രവാചകരിലുള്ള വിശ്വാസം**

ഒരു മതനിയമം ദിവ്യസന്ദേശമായി നൽകപ്പെടുകയും അതു പ്രബോധനംചെയ്യാൻ കൽപ്പിക്കപ്പെടുകയും ചെയ്യപ്പെട്ട മനുഷ്യനാണ് ദൂതൻ (റസൂൽ). ഒന്നാമത്തെദൂതൻ നൂഹ് (അ) നബിയും, അന്ത്യദൂതൻ മുഹമ്മദുനബി (സ) യുമാകുന്നു.

സ്വതന്ത്രമായ ഒരുശരീഅത്തു (മതനിയമം) മായി, അല്ലെങ്കിൽ മുൻപ്രവാചകന്റെ ശരീഅത്തിന്റെ പരിഷ്കർത്താവായി ദിവ്യസന്ദേശവുമായി ഒരുപ്രവാചകൻ നിയോഗിതനാകാത്ത ഒരു സമുദായവുംഉണ്ടായിട്ടില്ല. അല്ലാഹു പറയുന്നു: തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെനിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യണംഎന്നു (പ്രബോധനം ചെയ്യുതിനു വേണ്ടി). [നഹ്ല്:36]. ഒരുതാക്കീതുകാരൻ കഴിഞ്ഞുപോകാത്ത ഒരു സമുദായവുമില്ല.[ഫാത്വിർ:24].

അവർ ആദംസന്തതികളിൽപെട്ട മനുഷ്യരത്രെ. സൃഷ്ടിപ്പിന്റേയോ, ആരാധ്യതയുടെയോ യാതൊരുപ്രത്യേകതയും അവരിലില്ല. കാരുണ്യം, മരണം, ഭക്ഷണപാനീയങ്ങൾ കഴിക്കൽ പോലെയുള്ള മാനുഷിക പ്രത്യേകതകളെല്ലാം അവർക്കുമുണ്ട്.

**പ്രവാചകരിലുള്ള വിശ്വാസത്തിന്റെ സംഗ്രഹം**

1-അവരുടെദൗത്യം സത്യവും ദൈവീകവുമാണ്. അവരിൽ ഒരു

ഷേധിച്ചവനായിത്തീരും. അല്ലാഹു പറയുന്നു: **നൂഹിൻെറജനത ദൈവദൂതന്മാരെ നിഷേധിച്ചു തള്ളി.** [ശുഅറാ:105].

അവർ നൂഹിനെമാത്രമാണ് നിഷേധിച്ചതെങ്കിലും, മുഴുവൻ പ്രവാചകരെയും അവർനിഷേധിച്ചു എന്ന ഖുർആനിൻെറ പ്രയോഗം ശ്രദ്ധേയമത്രെ.

2-അവരിൽ പേരറിയാവുന്നവരിൽ വിശ്വസിക്കുക. ഉദാ: മുഹമ്മദ്, ഇബ്റാഹീം, മൂസാ, ഈസാ, നൂഹ്. ഇവരാണ് ഉലുൽഅസ്മ് (ദൃഢമനസ്കരായ ദൈവദൂതന്മാർ) എന്നറിയപ്പെടുന്നവർ. അവരിൽ നമുക്കു പേരറിയാത്തവരിൽ മൊത്തമായി വിശ്വസിക്കുക. അല്ലാഹു പറയുന്നു: **നിനക്കുമുമ്പ് നാം പലദൂതന്മാരെയും അയച്ചിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്കുനാം വിവരിച്ചുതന്നിട്ടുണ്ട്. അവരിൽ ചിലരെപ്പറ്റി നിനക്കുനാം വിവരിച്ചുതന്നിട്ടില്ല.** [മുഅ്മിൻ:78].

3-അവർ പറഞ്ഞതായി സ്ഥിരപ്പെട്ടതിൽ വിശ്വസിക്കുക.

4-നമ്മിലേക്കയക്കപ്പെട്ട അന്ത്യപ്രവാചകൻ മുഹമ്മദുനബി (സ)യുടെ മതനിയമങ്ങൾ അനുസരിച്ചു പ്രവർത്തിക്കുക.

<u>പ്രവാചകരിലുള്ള വിശ്വാസത്തിൻെറ സദ്ഫലങ്ങൾ</u>

1-നേർമാർഗ്ഗത്തിൽ മനുഷ്യരെനയിക്കുവാനും, അല്ലാഹുവിനെ എങ്ങനെ ആരാധിക്കണമെന്ന് വിശദീകരിക്കുവാനുംവേണ്ടി അവരിലേക്ക് പ്രവാചകരെനിയോഗിക്കുകവഴി അല്ലാഹു മനുഷ്യരോടുകാണിച്ച കാരുണ്യവും പരിഗണനയും മനസ്സിലാക്കുക.

2-ഈ മഹത്തായഅനുഗ്രഹത്തിനു അല്ലാഹുവിന് കൃതജ്ഞതയുള്ളവരായിത്തീരുക.

3-പ്രവാചകരെ സ്നേഹിക്കുക. അവരെ ആദരിക്കുക. യോജ്യമാംവിധം അവരെ പുകഴ്ത്തുക. കാരണം, അവർ അല്ലാഹുവിനെമാത്രം ആരാധിച്ച, അവൻെറദൗത്യപ്രബോധനം നിർവ്വഹിച്ച, അവൻെറദാസന്മാരോട് ഗുണകാംക്ഷ കാണിച്ച ദൂതരാകുന്നു.

<u>5-പരലോകവിശ്വാസം</u>

ജനങ്ങളെ വിചാരണക്കും, പ്രതിഫലദാനത്തിനുമായി അല്ലാഹു ഉയിർത്തെഴുന്നേൽപ്പിക്കുന്ന അന്ത്യനാളാണത്. അതിനുശേഷം"നാൾ"ഇല്ലാത്തതിനാൽ അതിനു അന്ത്യനാൾ എന്നുപറയുന്നു

<u>ഈ വിശ്വാസത്തിൻെറ സംഗ്രഹം</u>

1-<u>ഉയിർത്തെഴുന്നേൽപ്പിലുള്ള വിശ്വാസം.</u> ഖുർആൻ, സുന്നത്ത്,

മുസ്ലിംകളുടെ ഐക്യകണ്ഠേനയുള്ള അഭിപ്രായം എന്നിവ കൊണ്ട് സ്ഥിരപ്പെട്ടതാണ് പുനർജീവിതം.

2-<u>വിചാരണയിലും, പ്രതിഫല ദാനത്തിലുമുള്ള വിശ്വാസം.</u> മനുഷ്യൻ തന്റെപ്രവർത്തനങ്ങൾക്കനുസരിച്ചു വിചാരണചെയ്യപ്പെടുകയും, പ്രതിഫലംനൽകപ്പെടുകയുംചെയ്യും എന്ന് ഖുർആൻ സുന്നത്ത് മുഴുവൻ മുസ്ലിംകളുടെയും ഏകോപിച്ച അഭിപ്രായം എന്നിവകൊണ്ടും സ്ഥിരപ്പെട്ടതാണ്.

3-<u>സ്വർഗ്ഗ നരകങ്ങളിലുള്ള വിശ്വാസം.</u> അതാണ് മനുഷ്യന്റെ ശാശ്വത വാസസ്ഥലം.

മരണാനന്തരമുണ്ടാകുന്ന എല്ലാകാര്യങ്ങളും ഈ വിശ്വാസത്തിൽ ഉൾപ്പെടും. ഉദാ: ഖബ്റിലെ പരീക്ഷണം, ഖബ്റിലെ ശിക്ഷാ രക്ഷകൾ.

<u>പരലോകവിശ്വാസത്തിന്റെ ഗുണഫലങ്ങൾ</u>

1-അവിടെവച്ചു ദൈവീക ശിക്ഷ ലഭിക്കുമെന്നതിനാൽ തെറ്റു ചെയ്യുന്നതിലുള്ള മനുഷ്യന്റെ ഭീതി.

2-പരലോകത്തിൽ പ്രതിഫലം ലഭിക്കുവാൻ വേണ്ടി സദ്പ്രവർത്തനങ്ങൾ ചെയ്യുകയും, അതിൽ താൽപര്യം ഉള്ളവനാകുകയും ചെയ്യുക.

3-പരലോകവും അതിലെപ്രതിഫലവും ആഗ്രഹിച്ചതുകൊണ്ട്, ഭൗതികമായി തനിക്കുനഷ്ടപ്പെടുന്ന കാര്യങ്ങളെകുറിച്ചുള്ള മനഃസ്സമാധാനം.

6-<u>വിധിയിലുള്ള വിശ്വാസം</u>

അല്ലാഹുവിന്റെ ത്രികാലാതീതമായ അറിവും, തത്വജ്ഞാനവുംകൊണ്ട് അവൻ സൃഷ്ടികളുടെകാര്യത്തിൽ ചെയ്തിട്ടുള്ള വിധിയാണത്.

<u>വിധിവിശ്വാസത്തിന്റെ സംഗ്രഹം</u>

1-അല്ലാഹുവിന്റെയും, അവന്റെ സൃഷ്ടികളുടെയും മുഴുവൻ പ്രവർത്തനങ്ങളെകുറിച്ചും അല്ലാഹുവിന്ന് മൊത്തമായും, വകതിരിച്ചും മുൻകൂട്ടി അറിയാമെന്ന വിശ്വാസം.

2-അതെല്ലാം തന്നെ അല്ലാഹു അവന്റെ സംരക്ഷിതഫലകത്തിൽ (ലൗഹുൽ മഹ്ഫൂളിൽ) രേഖപ്പെടുത്തിയിട്ടുണ്ടെന്ന വിശ്വാസം.

3-എല്ലാകാര്യങ്ങളും അല്ലാഹുവിൻെറ ഉദ്ദേശ്യമനുസരിച്ചു മാത്രമേ സംഭവിക്കുകയുള്ളൂ. അത് അവൻെറപ്രവർത്തനമാകട്ടെ, അവൻെറസൃഷ്ടികളുടെ പ്രവർത്തനമാകട്ടെ. അല്ലാഹു പറയുന്നു. **നിൻെറ രക്ഷിതാവ് ഉദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും (ഇഷ്ടമുള്ളത്) തെരഞ്ഞെടുക്കുകയും ചെയ്യുന്നു.** [ഖസ്വസ്:68].

4-എല്ലാവസ്തുക്കളും അവയുടെ ഗുണങ്ങളും, ചലനങ്ങളുമെല്ലാം അല്ലാഹുവിൻെയ സൃഷ്ടികളാകുന്നു. അല്ലാഹു പറയുന്നു. **അല്ലാഹു എല്ലാവസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെയും കൈകാര്യ കർത്താവാകുന്നു.** [സുമർ:62].

വിധിവിശ്വാസത്തിൻെറ സദ്ഫലങ്ങൾ

1-ഏതെങ്കിലുംകാര്യം ചെയ്യുമ്പോൾ അല്ലാഹുവിലുള്ള തികഞ്ഞ അവലംബം, അതിനു കാരണഭൂതമായതിൽ ആസ്പദിക്കാതിരിക്കുക- കാരണം അല്ലാഹുവാകുന്നു എല്ലാറ്റിനും കഴിവുള്ളവൻ.

2-തൻെറ ഉദ്ദേശ്യം സഫലമാകുമ്പോൾ മനുഷ്യൻ മതിമറക്കാതിരിക്കുക. കാരണം, അല്ലാഹു തനിക്കുവിധിച്ചിട്ടുള്ള നന്മയുടെയും, വിജയത്തിൻെറയും കാരണങ്ങളാൽ തനിക്കു ലഭിച്ച അനുഗ്രഹമാണത്. താൻപോരിമ അവനെ കൃതജ്ഞത ചെയ്യുന്നതിൽ നിന്നു മറപ്പിച്ചുകളയും.

3-ആകാശഭൂമികളുടെ ഉടമസ്ഥനായ അല്ലാഹുവിൻെറവിധി വന്നെത്തുമ്പോൾ സുഖവും മനഃസ്സമാധാനവുമുണ്ടാകും. കാരണം, ആവിധി സംഭവിക്കുകതന്നെചെയ്യും. അല്ലാഹു പറയുന്നു. **ഭൂമിയിലോ, നിങ്ങളുടെദേഹങ്ങളിൽ തന്നെയോ യാതൊരാപത്തും ബാധിക്കുകയുണ്ടായിട്ടില്ല, അതിനെ നാം ഉണ്ടാക്കുന്നതിനു മുമ്പുതന്നെ ഒരുരേഖയിൽ ഉൾപ്പെടുത്തികഴിഞ്ഞതായിട്ടല്ലാതെ. തീർച്ചയായും അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം എളുപ്പമുള്ളതാകുന്നു. (ഇങ്ങനെ നാംചെയ്തത്,) നിങ്ങൾക്കു നഷ്ടപ്പെട്ടതിൻെറപേരിൽ നിങ്ങൾ ദുഃഖിക്കാതിരിക്കുവാനും, നിങ്ങൾക്കു അവൻ നൽകിയതിൻെറപേരിൽ ആഹ്ളാദിക്കാതിരിക്കുവാനും വേണ്ടിയാണ്. അല്ലാഹു യാതൊരു അഹങ്കാരിയെയും ദുരഭിമാനിയെയും ഇഷ്ടപ്പെടുകയില്ല.** [ഹദീദ്:22-23].

**ഈ വിഷയത്തിൽ പിഴച്ച രണ്ടുവിഭാഗങ്ങൾ ഉടലെടുത്തിട്ടുണ്ട്.**

1-**ജബ്‌രിയ്യ.** മനുഷ്യൻ തൻെറപ്രവർത്തനങ്ങളിൽ നിർബന്ധിക്കപ്പെട്ടവനാകുന്നു, അവന്നതിൽ യാതൊരു ഉദ്ദേശ്യത്തിൻെറയോ, കഴിവിൻെറയോ സ്വാതന്ത്ര്യത്തിൻെറയോ സ്വാധീനവുമില്ല.

2-**ഖദ്‌രിയ്യ.** മനുഷ്യൻ തൻെറപ്രവർത്തനങ്ങളിൽ ഉദ്ദേശ്യത്തിലും, കഴിവിലും പരിപൂർണ്ണ സ്വതന്ത്രനാകുന്നു. അല്ലാഹുവിൻെറ ഉദ്ദേശ്യത്തിനോ, കഴിവിനോ അതിൽയാതൊരു സ്വാധീനവുമില്ല. എല്ലാകാര്യങ്ങളെയും കുറിച്ചു കണക്കാക്കുകയും, അവ ഉണ്ടാകുന്നതിനുമുമ്പ് അവയെകുറിച്ച് അറിയുകയും ചെയ്തവനാണ് അല്ലാഹു എന്നത് ഇവർ നിഷേധിക്കുന്നു. രണ്ടുവിഭാഗത്തിൻെറ വാദവും നിരർത്ഥകമാകുന്നു.

# പാഠം.4

## തൗഹീദിൻെറ ഇനങ്ങൾ മൂന്ന്

രക്ഷാകർതൃത്വത്തിലുള്ള ഏകത്വം. സ്രഷ്ടാവും അന്നദാതാവും, നിയന്ത്രകനും അല്ലാഹു മാത്രമാണെന്ന വിശ്വാസം. ദിവ്യത്വത്തിലുള്ള ഏകത്വം. ആരാധനകൾക്ക് അർഹൻ അല്ലാഹു മാത്രമാകുന്നു എന്നവിശ്വാസം. നാമവിശേഷണങ്ങളിലുള്ള ഏകത്വം. ഖുർആനിലോ, ഹദീസിലോ സ്ഥിരപ്പെട്ടിട്ടുള്ള അല്ലാഹുവിൻെറ നാമവിശേഷണങ്ങൾക്ക് അർഹൻ അവൻമാത്രമേയുള്ളൂ, അതിൽ യാതൊരു വ്യാഖ്യാനമോ, നിരാകരണമോ, രൂപസങ്കൽപമോ, രൂപസാദൃശ്യമോ കൂടാതെ വിശ്വസിക്കുക.

### ശിർകിൻെറ ഇനങ്ങൾ മൂന്ന്

വലിയ ശിർക്, ചെറിയ ശിർക്, ഗോപ്യമായ ശിർക്.

---

തൗഹീദിൻെറ നിർവ്വചനം. ആരാധനയിൽ അല്ലാഹുവിനെ ഏകനാക്കുക. ഇത് മൂന്ന് ഇനങ്ങളാകുന്നു.

1-**രക്ഷാകർതൃത്വത്തിലുള്ള ഏകത്വം.** സൃഷ്ടിപ്പ്, നിയന്ത്രണം, അന്നദാനം ഇവയിലെല്ലാം അല്ലാഹു ഏകനാണെന്നറിയുക, വിശ്വസിക്കുക. ഇക്കാര്യം മക്കാമുശ്‌രികുകളും അംഗീകരിച്ചിരുന്നു. പക്ഷെ, അതവരെ ഇസ്‌ലാമിൽ പ്രവേശിപ്പിച്ചില്ല. അല്ലാഹു പറയുന്നു: ആരാണ് അവരെസൃഷ്ടിച്ചതെന്ന് നീ അവരോട്

**ചോദിച്ചാൽ തീർച്ചയായും അവർ പറയും; അല്ലാഹു എന്ന്** [സുഖ്റുഫ്:87].

**2-നാമവിശേഷണങ്ങളിലൂള്ള ഏകത്വം:** അല്ലാഹു അവൻെറ ഗ്രന്ഥത്തിലോ അല്ലെങ്കിൽ മുഹമ്മദുനബിയോ അല്ലാഹുവിനെ എങ്ങനെ വിശേഷിപ്പിച്ചുവോ, അതേരൂപത്തിൽ അവൻെറ മഹത്വത്തിനും, ഔന്നത്യത്തിനും അനുയോജ്യമാംവിധം അവനെ വിശേഷിപ്പിക്കുക. തൗഹീദിൻെറ ഈ ഇനവും ചിലമുശ്രികുകൾ അംഗികരിച്ചിരുന്നു. ചിലർ ധിക്കാരവും അജ്ഞതയും നിമിത്തം നിഷേധിക്കുകയും ചെയ്തിരുന്നു.

**3-ആരാധ്യതയിലുള്ള ഏകത്വം:** ആരാധന അല്ലാഹുവിനു മാത്രംചെയ്യുക. അവൻ പങ്കുകാരില്ലാത്തവിധം ഏകനാണെന്നനിലക്ക് സ്നേഹം,ഭയം, പ്രത്യാശ, പ്രാർത്ഥന, ഭരമേൽപിക്കൽ തുടങ്ങിയ എല്ലാആരാധനകളും അവനുമാത്രം അർപ്പിക്കണം. തൗഹീദിൻെറ ഈ ഇനത്തെയാണ് മക്കാമുശ്രികുകൾ നിഷേധിച്ചിരുന്നത്.

**വലിയശിർക്:** ഇത് എല്ലാസൽപ്രവർത്തനങ്ങളെയും നിഷ്ഫലമാക്കും. ഇതോടെ മരിച്ചാൽ ശാശ്വതനരകവാസിയായിത്തീരും. അല്ലാഹു പറയുന്നു: **അവർ (അല്ലാഹുവോട്) പങ്കുചേർത്തിരുന്നുവെങ്കിൽ അവർ പ്രവർത്തിച്ചിരുന്നതെല്ലാം അവരെ സംബന്ധിച്ചിടത്തോളം നിഷ്ഫലമായിപ്പോകുമായിരുന്നു** [അൻആം: 88]. **ബഹുദൈവവാദികൾക്ക്, സത്യനിഷേധത്തിനു സ്വയംസാക്ഷ്യം വഹിക്കുന്നവരായിക്കൊണ്ട് അല്ലാഹുവിൻെറപള്ളികൾ പരിപാലിക്കാൻ അവകാശമില്ല. അത്തരക്കാരുടെകർമ്മങ്ങൾ നിഷ്ഫലമായിരിക്കുന്നു. നരകത്തിൽ അവർ നിത്യവാസികളായിരിക്കുകയും ചെയ്യും** [തൗബ:17].

വൻശിർകിലായിക്കൊണ്ട് മരിച്ചവന് അല്ലാഹു അത് പൊറുത്തുകൊടുക്കുകയില്ല. അവന് സ്വർഗ്ഗം നിഷിദ്ധമായിരിക്കും. അല്ലാഹു പറയുന്നു: **തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലുംപൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്** [അന്നിസാഅ്:48]. **അല്ലാഹുവോട് വല്ലവനുംപങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹുഅവന്ന് സ്വർഗ്ഗംനിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറവാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക്സഹായികളായി ആരുംതന്നെയില്ല** [മാഇദ: 72].

മരിച്ചവരെയും വിഗ്രഹങ്ങളെയും വിളിച്ചുപ്രാർത്ഥിക്കൽ, അവരോട് സഹായംതേടൽ, അവർക്കു നേർച്ചയാക്കൽ, അവരുടെ പ്രീതിക്കായി ബലിയർപ്പിക്കൽ തുടങ്ങിയവ വൻശിർകിൻെറ ഇനത്തിൽ പെട്ടതാകുന്നു.

ചെറിയശിർക്: ഖുർആനിലോ, സുന്നത്തിലോ ശിർകെന്ന് പേർവന്നതും, എന്നാൽ വൻശിർകിൻെറഇനത്തിൽ പെടാത്തതുമായവ. ഉദാ: ചിലപ്രവർത്തനങ്ങളിൽ നാട്യം (ലോകമാന്യം) കാണിക്കൽ, ദൈവേതരരെവിളിച്ചു സത്യംചെയ്യൽ, അല്ലാഹുവും താങ്കളും വിചാരിച്ചതുപോലെ എന്നുപറയൽ തുടങ്ങിയവ. മുഹമ്മദുബ്നുലബീദ് (റ)ൽനിന്നു നിവേദനം, നബി(സ) പറഞ്ഞു: നിങ്ങളുടെ കാര്യത്തിൽ ഞാൻ ഏറ്റവും കൂടുതൽ ഭയപ്പെടുന്നത് ചെറിയശിർകിനെയാണ്. അതെന്താണെന്ന് ചോദിക്കപ്പെട്ടപ്പോൾ നബി (സ)പറഞ്ഞു: ലോകമാന്യം (ജാട) [അഹ്മദ്, ത്വബ്റാനി, ബയ്ഹഖി].

ഉമറുബ്നുൽ ഖത്വാബ് (റ)ൽ നിന്നു നിവേദനം, നബി(സ) പറഞ്ഞു: അല്ലാഹുവല്ലാതെ മറ്റെന്തിനെയുംവിളിച്ചു സത്യംചെയ്തവൻ ശിർക്ചെയ്തു [അഹ്മദ്].

ഇബ്നുഉമറി (റ)ൽനിന്നു നിവേദനം, നബി(സ) പറഞ്ഞു: അല്ലാഹു അല്ലാത്തവരെവിളിച്ചു സത്യംചെയ്തവൻ കാഫിറോ മുശ്രിക്കോ ആയി [അബൂദാവൂദ്, തിർമിദി].

ഹുദയ്ഫതുബ്നുൽയമാനി (റ)ൽനിന്നു നിവേദനം, നബി(സ) പറഞ്ഞു: അല്ലാഹുവും ഇന്നയാളും വിചാരിച്ചാൽ എന്നു നിങ്ങൾ പറയരുത്, അല്ലാഹുവും ശേഷം ഇന്നയാളും വിചാരിച്ചാൽ എന്നു നിങ്ങൾ പറയുക [അബൂദാവൂദ്].

ഈ ശിർക് മതത്തിൽനിന്നു പുറത്തുപോകാൻ കാരണമാകുകയില്ല. നരകത്തിൽ നിത്യവാസിയാക്കുകയുമില്ല. പക്ഷെ ഏകദൈവ വിശ്വാസത്തിൻെറ പൂർണ്ണതക്കു വിരുദ്ധമാണിത്

ഗോപ്യമായ ശിർക്: അതിനുള്ള തെളിവ്: അബൂസഈദിൽ ഖുദ്രി (റ)യിൽനിന്നുനിവേദനം, നബി(സ) പറഞ്ഞു: മസീഹുദ്ദജ്ജാലിനെക്കാൾ നിങ്ങളുടെ കാര്യത്തിൽ ഞാൻ ഭയപ്പെടുന്ന ഒരുകാര്യത്തെകുറിച്ചു നിങ്ങൾക്കു ഞാൻ പറഞ്ഞുതരട്ടെയോ? സ്വഹാബികൾ: അതെ, പ്രവാചകരേ. നബി: ഗോപ്യമായ ശിർക്. ഒരാൾ നമസ്കരിക്കാൻ നിൽക്കുന്നു, അപരൻ തന്നെനോക്കുന്നു എന്നു

കാണുമ്പോൾ തൻെറനമസ്കാരം അയാൾ ഭംഗികൂട്ടുന്നു (അഹ്മദ്).

വലിയശിർക്, ചെറിയശിർക് എന്നിങ്ങനെ ശിർകിനെ രണ്ടായും വിഭജിക്കാം. ഗോപ്യമായശിർക് ഇവരണ്ടിലും ഉൾപ്പെടും. ഗോപ്യമായശിർക് ചിലപ്പോൾ വൻശിർകിൽ ഉൾപ്പെടും. കപട വിശ്വാസികളുടെ ശിർക്പോലെ. കാരണം അവർ അവരുടെ തെറ്റായ വിശ്വാസങ്ങൾ ഗോപ്യമാക്കി വക്കുകയാണല്ലോ ചെയ്യുന്നത്. സ്വരക്ഷാർത്ഥം, നാട്യമായിക്കൊണ്ട് ഇസ്ലാമിനെ അവർ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ചിലപ്പോൾ അത് ചെറിയശിർകിലും ഉൾപ്പെടും. ഉദാ. ലോകമാന്യം. ലബീദ്, അബൂസഈദ് എന്നിവരിൽ നിന്നും മേലുദ്ധരിക്കപ്പെട്ട ഹദീസിൽ പറയപ്പെട്ടതുപോലെ.

# പാഠം.5

## ഇസ്ലാം കാര്യങ്ങൾ അഞ്ച്

ആരാധനക്കർഹനായി അല്ലാഹുവല്ലാതെ യാതെന്നുമില്ല, മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാകുന്നു എന്നസാക്ഷ്യം, നമസ്കാരം നിലനിർത്തൽ, സകാത് നൽകൽ, റമദാനിലെ വ്രതം, സാധിക്കുന്നവർ മക്കയിൽ പോയി ഹജ്ജ് ചെയ്യൽ.

---

തൗഹീദിൻെറയും ശിർകിൻെറയുംഇനങ്ങൾ വിവരിച്ചശേഷം ഗ്രന്ഥകാരൻ ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങൾ വിവരിക്കുന്നു. അബ്ദുല്ലാഹിബ്നു ഉമർ (റ)ൽനിന്നു നിവേദനം, നബി (സ) പറയുന്നതായി ഞാൻകേട്ടു. ഇസ്ലാം അഞ്ചുകാര്യങ്ങളിൽ സ്ഥാപിതമായിരിക്കുന്നു. ആരാധ്യനായി യാതൊന്നുമില്ല, അല്ലാഹു ഒഴികെ, മുഹമ്മദ് അല്ലാഹുവിൻെറദൂതനുമാകുന്നു എന്നസാക്ഷ്യവാക്യം, നമസ്കാരംനിലനിർത്തൽ, സകാത്നൽകൽ, ഹജ്ജ്ചെയ്യൽ, റമദാനിൽ നോമ്പനുഷ്ഠിക്കൽ (ബുഖാരി, മുസ്ലിം).

അഞ്ചുസ്തംഭങ്ങളിൽ നിൽക്കുന്ന ഒരുഭവനത്തോട് ഇസ്ലാമിനെ ഉപമിച്ചിരിക്കയാണിവിടെ. ഈസ്തംഭങ്ങളില്ലെങ്കിൽ ഈ ഭവനമില്ല. ബാക്കികാര്യങ്ങളെല്ലാം ഈഭവനത്തിൻെറ പൂർണ്ണതയുടെ ഭാഗമാണ്. യാതൊരു ആരാധ്യനുമില്ല, അല്ലാഹു ഒഴികെ, മുഹ

മദ് അല്ലാഹുവിൻെറ ദൂതനാകുന്നു എന്നുപറഞ്ഞതു കൊണ്ടു ദ്ദേശ്യം അല്ലാഹുവിലും, അവൻെറപ്രവാചകനിലും വിശ്വസിക്ക ലാകുന്നു. മുസ്ലിമിൻെറ റിപ്പോർട്ടിൽ "അഞ്ചെണ്ണത്തിന്മേൽ, അ ല്ലാഹുവിനെ നീഏകനാക്കുക"എന്നും, മറ്റൊരു റിപ്പോർട്ടിൽ "അ ല്ലാഹുവിനെ നീ ഏകനാക്കുന്നതിലും, അവനല്ലാത്തവയിൽ അവി ശ്വസിക്കുന്നതിലും" എന്നും കാണാം.

നമസ്കാരം നിർവ്വഹിക്കൽ: ജാബിർ(റ)ൽ നിന്നു നിവേദനം, ഒരു മുസ്ലിമായ മനുഷ്യൻെറയും, സത്യനിഷേധത്തിൻെറയും ഇടയിലുള്ള അന്തരം നമസ്കാരം ഉപേക്ഷിക്കലാകുന്നു (മുസ്ലിം).
മുആദ്(റ)ൽ നിന്നു നിവേദനം, നബി(സ) പറഞ്ഞു: എല്ലാ കാ ര്യ ങ്ങളിലും മുഖ്യമായത് ഇസ്ലാമാകുന്നു. അതിൻെറ സ്തംഭം ന മസ്കാരമാകുന്നു (തിർമിദി).
അബ്ദുല്ലാഹിബ്നു ശഖീഖ്(റ) പറയുന്നു: ഏതെങ്കിലും ഒരു പ്രവൃത്തി ഉപേക്ഷിക്കൽ കുഫ്റിനുകാരണമാകുമെന്ന് നബി (സ) യുടെ സ്വഹാബത്തിനു അഭിപ്രായമുണ്ടായിരുന്നില്ല, നമസ്കാര മൊഴികെ.

സകാത് നൽകൽ: ഇസ്ലാമിൻെറ മൂന്നാമത്തെ സ്തംഭമാ ണിത്. അല്ലാഹു പറയുന്നു: പ്രാർത്ഥന മുറപോലെ നിർവ്വഹി ക്കുകയും, സകാത് നൽകുകയും ചെയ്യുവിൻ (അൽബഖറ:43). കീഴ്വണക്കം അല്ലാഹുവിനുമാത്രം ആക്കിക്കൊണ്ട് ഋജുമനസ് കരായനിലയിൽ, അവനെ ആരാധിക്കുവാനും നമസ്കാരം നി ലനിർത്തുവാനും സകാത്നൽകുവാനും അല്ലാതെ അവരോടു കൽപിക്കപ്പെടിട്ടില്ല. അതത്രെ വക്രതയില്ലാത്തമതം (ബയ്യിന: 5).

റമദാനിലെ നോമ്പ് ഇസ്ലാമിലെ നാലാമത്തെ സ്തംഭമാ കുന്നു. അല്ലാഹു പറയുന്നു: സത്യവിശ്വാസികളേ, നിങ്ങളുടെ മുമ്പുള്ളവരോട് കൽൽപിച്ചിരുന്നതു പോലെത്തന്നെ നിങ്ങൾ ക്കും നോമ്പ്നിർബന്ധമായികൽപിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെസൂക്ഷിക്കാൻ വേണ്ടിയത്രെഅത് (അൽബഖറ: 183).

ഹജ്ജ് ഇസ്ലാം കാര്യങ്ങളിൽ അഞ്ചാമത്തേതാകുന്നു. അല്ലാ ഹു പറയുന്നു: ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനു ഷ്യർ അതിലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹു വോടുള്ള ബാദ്ധ്യതയാകുന്നു. വല്ലവരും അവിശ്വസിക്കുന്ന=

# പാഠം.6

## നമസ്കാരത്തിന്റെ ശർതു(നിബന്ധന)കൾ

ഇസ്ലാം, ബുദ്ധി, വിവേകം, വലിയതോ ചെറിയതോ ആയ അശുദ്ധികളിൽനിന്നും ശുദ്ധിയായിരിക്കൽ, ശരീരം, സ്ഥലം, വസ്ത്രം എന്നിവയിലെ മാലിന്യംനീക്കൽ, നഗ്നതമറക്കൽ, സമയമാകൽ, ഖിബ്ലക്കഭിമുഖമായി നിൽക്കൽ, നിയ്യത്ത്.*

---

= പക്ഷം അല്ലാഹു ലോകരുടെ ആശ്രയം ഇല്ലാത്തവനാകുന്നു [ആലുഇംറാൻ:97].

അബ്ദുല്ലാഹിബ്നു ഉമറിൽ നിന്നു രേഖപ്പെടുത്തപ്പെട്ട ഈ ഹദീസ് ഇസ്ലാം മതത്തെ മനസ്സിലാക്കുന്നതിലുള്ള ഒരു അടിസ്ഥാന രേഖയാകുന്നു.

*ഇസ്ലാംകാര്യങ്ങൾ അഞ്ചെണ്ണം പറഞ്ഞശേഷം ഗ്രന്ഥകാരൻ നമസ്കാരത്തിന്റെശർതുകൾ വിവരിക്കുന്നു. കാരണം, രണ്ടു ശഹാദത്തുകൾക്കുശേഷം ഇസ്ലാമിന്റെ ഏറ്റവുംപ്രധാനപ്പെട്ട സ്തംഭം നമസ്കാരമാകുന്നു. നമസ്കാരം സ്വീകാര്യമായിത്തീരാൻ ചിലനിബന്ധനകൾ കൂടിയേകഴിയൂ.

1-3ഇസ്ലാം, സ്ഥിരബുദ്ധി, പ്രായപൂർത്തി എന്നിവ ആദ്യത്തെ മുന്നു നിബന്ധനകളായി എണ്ണാം. കാഫിറിന്റെ നമസ്കാരം സാധുവാകുകയില്ല. കാരണം, അവന്റെപ്രവർത്തനങ്ങൾ നിഷ്ഫലമാകുന്നു. ഭ്രാന്തന്റെനമസ്കാരവും സ്വീകാര്യമല്ല. അവനു മതശാസന ബാധകമല്ല. കുട്ടികളുടെ നമസ്കാരവും സാധുവാകുകയില്ല. ഇതു ഹദിസിൽനിന്നു മനസ്സിലാക്കാം. നബി (സ) പറഞ്ഞു: നിങ്ങളുടെകുട്ടികൾ ഏഴുവയസ്സായാൽ അവരോടു നിങ്ങൾ നമസ്കരിക്കുവാൻ കൽപിക്കുക. ഹദീസ്.

4-സാദ്ധ്യമാകുംവിധം ശുദ്ധീകരിക്കുക. നബി(സ) പറഞ്ഞു: ശുദ്ധിയില്ലാതെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല (മുസ്ലിം).

5-സമയമാകൽ. അല്ലാഹു പറയുന്നു: സൂര്യൻ (ആകാശ മദ്ധ്യത്തിൽനിന്നു) തെറ്റിയതു മുതൽ രാത്രി ഇരുട്ടുന്നതുവരെ (നിശ്ചിത സമയങ്ങളിൽ) നീ നമസ്കാരം മുറപ്രകാരം നിർവ്വഹിക്കുക [ഇസ്റാഅ്:78].

ഉമർ (റ) പറഞ്ഞു: നമസ്കാരത്തിന് അല്ലാഹുനിശ്ചയിച്ച സമയമുണ്ട്. ആ സമയത്തല്ലാതെ അതുശരിയാകുകയില്ല. അഞ്ചു നമസ്കാരങ്ങൾക്കും ജിബ്രീൽ, നബി(സ)ക്കു ഇമാമായി നിർവ്വഹിച്ചശേഷം പറഞ്ഞു; "ഈ രണ്ടുസമയങ്ങൾക്കിടയിലുള്ളതാണ് ആസമയം" (അഹ്മദ്, നസാഈ).

6-നഗ്നതമറക്കൽ. കഴിവുള്ളവൻ തൊലിയുടെവർണ്ണം വ്യക്തമാകാത്ത രീതിയിലുള്ളതുകൊണ്ട് നഗ്നതമറക്കുക. അല്ലാഹു പറയുന്നു: **ആദംസന്തതികളേ, എല്ലാആരാധനാലയത്തിങ്കലും (അഥവാ, എല്ലാആരാധനാവേളകളിലും) നിങ്ങൾക്കലങ്കാരമായിട്ടുള്ള വസ്ത്രങ്ങൾധരിച്ചുകൊള്ളുക** (അഅ്റാഫ്:31).

നബി (സ) പറഞ്ഞു: മുഖമക്കനയില്ലാതെ, പ്രായപൂർത്തിയായ ഒരുസ്ത്രീയുടെ നമസ്കാരം അല്ലാഹു സ്വീകരിക്കുകയില്ല. സലമതുബ്നുൽ അക്വഅ്(റ) പറയുന്നു: ഞാൻ ചോദിച്ചു; ദൈവദൂതരേ, ഞാൻവേട്ടക്കുപോകുമ്പോൾ ഒരുകുപ്പായംമാത്രം ധരിച്ചു നമസ്കരിക്കാറുണ്ട്. നബി: അതെ, അതിനു നിങ്ങൾ ഒരുമുള്ളുകൊണ്ടെങ്കിലും ബട്ടണിടുക (തിർമിദി).

നഗ്നതമറക്കാൻ സാധിച്ചിട്ടും നഗ്നനായി നമസ്കരിക്കുന്നവൻെറനമസ്കാരം നിഷ്ഫലമാണെന്ന ഏകോപിച്ച അഭിപ്രായം (ഇജ്മാഅ്) ഇബ്നുഅബ്ദിൽബർറ് റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

7-ശരീരം, വസ്ത്രം, സ്ഥലം എന്നിവയിൽ നിന്നും മാലിന്യങ്ങൾ നീക്കൽ. അല്ലാഹു പറയുന്നു: **നിൻെറ വസ്ത്രങ്ങൾ നീ ശുദ്ധിയാക്കുക** (മുദ്ദഥ്ഥിർ:4).

വസ്ത്രത്തിലായ ആർത്തവരക്തത്തെ കുറിച്ചു നബി(സ) അസ്മാഅ്(റ)നോട് പറഞ്ഞു: അത് തിരുമ്മിക്കളയുക, പിന്നീട് വെള്ളംകൊണ്ട് കഴുകുക. അനന്തരം പിഴിഞ്ഞുകളയുക. പിന്നെ നീ വസ്ത്രത്തിൽ നമസ്കരിക്കുക (ബുഖാരി-മുസ്ലിം).

8-ഖിബ്ലക്കഭിമുഖമായി നിൽക്കുക. അല്ലാഹു പറയുന്നു: **ഇനിമേൽ നീ നിൻെറമുഖം മസ്ജിദുൽഹറാമിൻെറ നേർക്കു തിരിക്കുക** (അൽബഖറ:144).

9-നിയ്യത്ത്. നബി(സ) പറഞ്ഞു: പ്രവർത്തനങ്ങൾക്കു പ്രതിഫലം നൽകപ്പെടുന്നത് ഉദ്ദേശ്യമനുസരിച്ചു മാത്രമാകുന്നു (ബുഖാരി-മുസ്ലിം).

# പാഠം.7

## നമസ്കാരത്തിൻെറ റുക്നുകൾ (മുഖ്യഘടകങ്ങൾ)

(കഴിവുള്ളവൻ) നിന്നു നമസ്കരിക്കൽ. തക്ബീറതുൽ ഇഹ് റാം. ഫാതിഹ ഓതൽ. റുകൂഅ്. ഇഅ്തിദാൽ. സുജൂദ് (ഏഴു അവയവങ്ങളിൽ). അതിൽ നിന്നും ഉയരൽ. സുജൂദുകൾക്കിട യിലെ ഇരുത്തം. എല്ലാ പ്രവൃത്തിയിലും അടങ്ങിപ്പാർക്കൽ. ക്രമം പാലിക്കൽ. അവസാനത്തെ തശഹ്ഹുദ് (അത്തഹിയ്യാത്ത്). അതി നു വേണ്ടി ഇരിക്കൽ നബിയുടെ പേരിൽ സ്വലാത് ചൊല്ലൽ, സലാം വീട്ടൽ.*

---

*മുൻപാഠത്തിൽ നമസ്കാരത്തിൻെറ നിബന്ധനകൾ വിശദീ കരിച്ചശേഷം, ഗ്രന്ഥകാരൻ നമസ്കാരത്തിൻെറ റുക്നുകൾ (മുഖ്യഘടകങ്ങൾ) വിവരിക്കുന്നു. നിബന്ധനകൾ നമസ്കാരത്തി ൻെറമുമ്പേ ചെയ്തിരിക്കേണ്ടവയും റുക്നുകൾ നമസ്കാരത്തി ൽ പെട്ടവയുമാകുന്നു.

**1-കഴിവുള്ളവൻനിൽക്കുക.** അല്ലാഹു പറയുന്നു: **അല്ലാഹുവി ൻെറമുമ്പിൽ ഭക്തിയോടെ നിന്നുകൊണ്ടായിരിക്കണം നിങ്ങൾ പ്രാർത്ഥിക്കുന്നത്** [അൽബഖറ:238].

നബി (സ) ഇംറാൻ (റ)വിനോടു പറഞ്ഞു, നീ നിന്നുനമസ്ക രിക്കുക. ഈകാര്യത്തിൽ പണ്ഡിതർ ഏകാഭിപ്രായക്കാരാണ്.

**2-തക്ബീറത്തുൽ ഇഹ്റാം.** നബി(സ) പറഞ്ഞു, ശുദ്ധി നമസ് കാരത്തിൻെറതാക്കോലാകുന്നു. അതിൽപ്രവേശിക്കൽ തക്ബീ റിലൂടെയും, വിരമിക്കൽ സലാമിലൂടെയുമാകുന്നു. തുർമുദി പറ യുന്നു; ഈ വിഷയത്തിൽ ഏറ്റവുംസ്വീകാര്യമായ ഹദീസ് ഇതാ കുന്നു. നമസ്കാരം തെറ്റിച്ചുചെയ്തവനോട് നബി(സ) പറ ഞ്ഞു, നീ നമസ്കരിക്കാൻ ഉദ്ദേശിച്ചാൽ പൂർണ്ണമായി അംഗശു ദ്ധി വരുത്തുക. പിന്നീട് ഖിബ്ലക്കഭിമുഖമായി നിൽക്കുക. അന ന്തരം നീ തക്ബീർചൊല്ലുക (ബുഖാരി-മുസ്ലിം).

**3-ഫാതിഹ** ഓതുക. ഉബാദതുബ്നു സ്വാമിതി (റ)ൽനിന്നു നി വേദനം, നബി(സ) പറഞ്ഞു: ഫാതിഹതുൽകിതാബ് ഓതാത്തവ ന് നമസ്കാരമില്ല (ഏഴുപേർ ഉദ്ധരിച്ചത്).

**4-റുകൂഅ്.** അല്ലാഹു പറയുന്നു, സത്യവിശ്വാസികളേ, നിങ്ങൾ കുമ്പിടുക [ഹജ്ജ്:77].

അബൂഹുറയ്റ (റ)യിൽനിന്നു നിവേദനം, നമസ്കാരം തെറ്റിച്ചവനോട് നബി (സ) പറഞ്ഞു: പിന്നെ നീ കുമ്പിടുക. കുമ്പിട്ടു ശാന്തത കൈവരിക്കുക (ബുഖാരി-മുസ്ലിം).

**5-റുകൂഇനുശേഷം നിവർന്നുനിൽക്കൽ.** നബി(സ) പറഞ്ഞു: അനന്തരം നേരെനിൽക്കുന്നതുവരെ നീ ഉയരുക. അബൂമസ്ഊദിൽ അൻസ്വാരി (റ)യിൽ നിന്നു നിവേദനം, നബി(സ) പറഞ്ഞു: സുജൂദിലും, റുകൂഇലും തൻെറമുതുകിനെ നേരെയാക്കാത്തവൻെറ നമസ്കാരം പൂർണ്ണമാകുകയില്ല.

**6-സുജൂദ്.** അത് ഏഴു അവയവങ്ങളിലാണ്. നബി(സ) പറഞ്ഞു: ഏഴു അവയവങ്ങളിൽ സുജൂദുചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. നെറ്റി, നബി തൻെറകൈകൊണ്ട് മൂക്കിലേക്കു ചൂണ്ടി. രണ്ടു കൈകൾ, രണ്ടു കാൽമുട്ടുകൾ, രണ്ടു കാൽപാദങ്ങളുടെയും അഗ്രങ്ങൾ (ബുഖാരി-മുസ്ലിം).

**7-സുജൂദിൽനിന്നും ഉയരൽ.** നബി(സ) പറഞ്ഞു: പിന്നീട് നീ ഉയരുക. നേരെ ഇരിക്കുന്നതുവരെ.

**8-ഇടയിലെ ഇരുത്തം.** ആഇശ (റ) പറയുന്നു: നബി(സ) സുജൂദിൽനിന്നും തലഉയർത്തിയാൽ, നേരെ ഇരിക്കാതെ രണ്ടാമതും സുജൂദ് ചെയ്യാറുണ്ടായിരുന്നില്ല (മുസ്ലിം).

**9-എല്ലാപ്രവർത്തനങ്ങളിലും ശാന്തത (അടങ്ങിപ്പാർക്കൽ).** നബി (സ) പറഞ്ഞു: നീ റുകൂഅ്ചെയ്യുക, റുകൂഇൽ ശാന്തതകൈവരിക്കുക. നബി തൻെറനമസ്കാരത്തിൽ ശാന്തനാകാറുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു ഞാൻ എങ്ങനെ നമസ്കരിക്കുന്നതായി നിങ്ങൾകണ്ടുവോ, അപ്രകാരംതന്നെ നിങ്ങളും നമസ്കരിക്കുക (ബുഖാരി).

**10-റുക്നുകൾക്കിടയിൽ ക്രമം പാലിക്കുക.**

**11-അവസാനത്തെ തശഹ്ഹുദി (അത്തഹിയ്യാത്) നുവേണ്ടി ഇരിക്കൽ.**

**12-തശഹ്ഹുദ്.** നബി(സ) പറഞ്ഞു: നമസ്കാരത്തിൽ നിങ്ങളാരെങ്കിലും ഇരുന്നാൽ അവൻ ഇങ്ങനെ പറയട്ടെ:

اَلتَّحِيَّاتُ لِلَّهِ وَالصَّلَوَاتُ وَالطَّيِّبَاتُ اَلسَّلَامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ
اَلسَّلَامُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ

അത്തഹിയ്യാതു ലില്ലാഹി വസ്വലവാതു വത്വയ്യിബാതു, അസ്സലാമു അലൈക, അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാതുഹു, അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്വാലിഹീൻ. ഹദിസ്.... (ബുഖാരി-മുസ്ലിം).

13-<u>**അവസാനത്തെ തശഹ്ഹുദിൽ നബി(സ)യുടെപേരിൽ സ്വലാതു ചൊല്ലുക.**</u> കഅ്ബുബ്നു അജ്റത്(റ) പറയുന്നു; അവർ നബിയോട് സ്വലാത്തിൻെറരൂപം ചോദിച്ചപ്പോൾ നബി (സ) പറഞ്ഞു: നിങ്ങൾ ഇങ്ങനെ പറയുക:

أَللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَهِيمَ إِنَّكَ حَمِيدٌ مَجِيدٌ. أَللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَهِيمَ إِنَّكَ حَمِيدٌ مَجِيدٌ

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാ സ്വല്ലയ്ത അലാ ഇബ്റാഹീമ വഅലാ ആലിഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക് അലാമുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാബാറക്ത അലാഇബ്റാഹീമ വഅലാ ആലിഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്.

14-<u>**സലാംവീട്ടൽ.**</u> നബി(സ) പറഞ്ഞു: അതിൽനിന്നുള്ള വിരാമം സലാം ആകുന്നു. ആഇശഃ(റ) നബിയുടെ നമസ്കാരത്തിൻെറ രൂപം പറയുന്നു: അദ്ദേഹം സലാംകൊണ്ട് നമസ്കാരം അവസാനിപ്പിക്കുമായിരുന്നു. നമസ്കാരത്തിൽനിന്നു ഒഴിവാകാനാണ് സലാം നിയമമാക്കപ്പെട്ടിട്ടുള്ളത്. അത് നമസ്കാരത്തിൻെറ അന്ത്യവും, അത് അവസാനിച്ചു എന്നതിൻെറ അടയാളവുമാണ്.

# പാഠം.8

## നമസ്കാരത്തിൻെറ വാജിബുകൾ

തക്ബീറത്തുൽ ഇഹ്റാമല്ലാത്ത എല്ലാതക്ബീറുകളും. ഇമാം, ഒറ്റക്കുനമസ്കരിക്കുന്നവൻ എന്നിവർ സമിഅല്ലാ ഹുലിമൻഹമിദ എന്നു ചൊല്ലൽ. റബ്ബനാ വലകൽഹംദു എല്ലാവരും ചൊല്ലൽ. റുകൂഇൽ സുബ്ഹാന റബ്ബിയൽഅദ്വീം എന്നു ചൊല്ലൽ. സുജൂദിൽ സുബ്ഹാനറബ്ബിയൽഅഅ്ലാ എന്നുപറയൽ. സുജൂദുകൾക്കിടയിലെ ഇരുത്തത്തിൽ റബ്ബിഗ്ഫിർലീ എന്നു പറയൽ. ഒന്നാമത്തെ അത്തഹിയ്യാത്ത്. അതിനു വേണ്ടിയുള്ള ഇരുത്തം.*

---

*നമസ്കാരത്തിൻെറ റുക്നുകൾ വിശദീകരിച്ചശേഷം, ഗ്രന്ഥകാരൻ നമസ്കാരത്തിൻെറ വാജിബുകൾ വിവരിക്കുന്നു. റുക്നുകൾ വാജിബുകളെക്കാൾ പ്രാധാന്യം ഉള്ളവയായതു കൊണ്ടാണ് അവ ആദ്യം പറഞ്ഞത്. വാജിബുകളിൽ ഏതെങ്കിലും ഒന്ന് മറന്നുകൊണ്ട് ഉപേക്ഷിച്ചാൽ മറവിയുടെസുജൂദ് ചെയ്താൽ മതിയാകും. എന്നാൽ റുക്നുകളിൽ ഏതെങ്കിലും ഒന്ന് മറന്നുകൊണ്ടോ, കരുതിക്കൂട്ടിയോ ഉപേക്ഷിച്ചാൽ നമസ്കാരം നിഷ്ഫലമാകും. അതിലേക്കു മടങ്ങൽ നിർബന്ധമാണ്.

1-തക്ബീറതുൽഇഹ്റാം അല്ലാത്ത എല്ലാതക്ബീറുകളും. തക്ബീറതുൽ ഇഹ്റാം റുക്നാകുന്നു. ഇബ്നുമസ്ഊദ് (റ) പറയുന്നു; നബി (സ) എല്ലാഉയർച്ചയിലും, താഴ്ചയിലും നിൽപ്പിലും ഇരിപ്പിലും തക്ബീർചൊല്ലുന്നതായി ഞാൻകേട്ടു (അഹ്മദ്, നസാഈ, തിർമിദി).

2-ഇമാമും ഒറ്റക്കു നമസ്കരിക്കുന്നവനും സമിഅല്ലാഹു ലിമൻ ഹമിദഃ പറയൽ. അബൂഹുറയ്റ (റ) പറയുന്നു, നബി(സ) നമസ്കാരത്തലേക്കു നിൽക്കുമ്പോൾ തക്ബീർ ചൊല്ലാറുണ്ടായിരുന്നു. റുകൂഅ്ചെയ്യുമ്പോൾ തക്ബീർ ചൊല്ലും. റുകൂഇൽ നിന്നും തൻെറമുതുകിനെ ഉയർത്തുമ്പോൾ സമിഅല്ലാഹു ലിമൻ ഹമിദഃ പറയും. ഉയർന്നുകഴിഞ്ഞാൽ അദ്ദേഹം പറയും; റബ്ബനാ വലകൽ ഹംദു (ബുഖാരി-മുസ്ലിം).

3-എല്ലാവരും (ഇമാമും മഅ്മൂമും) റബ്ബനാവലകൽഹംദു പറയൽ. മേൽസൂചിപ്പിച്ച ഹദീസ് നോക്കുക.

4-5-റുകൂഇൽ സുബ്ഹാന റബ്ബിയൽ അദീം, എന്നും സുജൂദിൽ സുബ്ഹാന റബ്ബിയൽ അഅ്ലാ എന്നും ഓരോപ്രാവശ്യം പറയുക. ഹുദയ്ഫ (റ)പറയുന്നു; നബി(സ) റുകൂഇൽ സുബ്ഹാന റബ്ബിയൽഅദീം എന്നും, സുജൂദിൽ സുബ്ഹാന റബ്ബിയൽ അഅ്ലാ എന്നും പറയാറുണ്ടായിരുന്നു (തുർമുദി).

6-രണ്ടു സുജൂദുകൾക്കിടയിലെ ഇരുത്തത്തിൽ റബ്ബിഗ്ഫിർലീ എന്നുചൊല്ലൽ. ഹുദയ്ഫ (റ)പറയുന്നു; രണ്ടുസൂജൂദുകൾക്കിടയിൽ നബി(സ) റബ്ബിഗ്ഫിർലീ, റബ്ബിഗ്ഫിർലീ എന്നു പറയാറുണ്ടായിരുന്നു (നസാഈ, ഇബ്നു മാജ).

7-ഒന്നാമത്തെ തശഹ്ഹുദ്. നബി (സ) പറഞ്ഞു: നീ നിൻെറ നമസ്കാരത്തിലേക്കുനിന്നാൽ തക്ബീർചൊല്ലുക. പിന്നീട് നിനക്കു ഖുർആനിൽനിന്നും സൗകര്യപ്പെട്ടത് ഓതുക. നമസ്കാരത്തിൻെറമദ്ധ്യത്തിൽ നീ ഇരുന്നാൽ ശാന്തനാകുക. നിൻെറ വലതു കാൽ നാട്ടിവച്ചു, ഇടതുകാൽപാദത്തിൽ ഇരുന്ന്, നീ അത്തഹിയ്യാതു ചൊല്ലുക (അബൂദാവൂദ്).

8-ഒന്നാമത്തെ തശഹ്ഹുദിനു വേണ്ടി ഇരിക്കൽ. ഇബ്നുമസ്ഊദിൽനിന്നും ഉദ്ധരിക്കപ്പെടുന്നു; ഓരോ രണ്ടുറക്അത്തിലും നിങ്ങൾ ഇരുന്നാൽ അത്തഹിയ്യാതു ലില്ലാഹ്.... പറയുക (അഹ്മദ്, നസാഈ).

നബി(സ) ഒരു ദുഹ്ർ നമസ്കാരത്തിൽ അതു മറന്നപ്പോൾ, ഇരുത്തം മറന്നതിൻെറപകരമായി അദ്ദേഹം സലാം വീട്ടുന്നതിനു മുമ്പ് രണ്ടുസുജൂദുകൾ ചെയ്തു.

# പാഠം.9

## തശഹ്ഹുദ്

اَلتَّحِيَّاتُ لِلّٰهِ وَالصَّلَوَاتُ وَالطَّيِّبَاتُ اَلسَّلاَمُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللّٰهِ وَبَرَكَاتُهُ اَلسَّلاَمُ عَلَيْنَا وَعَلَى عِبَادِ اللّٰهِ الصَّالِحِين أَشْهَدُ أَن لاَإِلَهَ إِلاَّ اللّٰهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

*അത്തഹിയ്യാതു ലില്ലാഹി വസ്വലവാതു, വത്വയ്യിബാതു അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാതുഹു, അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്വാലിഹീൻ. അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു.*

(എല്ലാ അഭിവാദ്യങ്ങളും, പ്രാർത്ഥനകളും, നന്മകളും അല്ലാഹുവിന്നാകുന്നു. പ്രവാചകന് അല്ലാഹുവിൻെറരക്ഷയും സമാധാനവും, അനുഗ്രഹവും ഉണ്ടാകട്ടെ. ഞങ്ങളുടേമേലും, അല്ലാഹുവിൻെറ സദ്‌വൃത്തരായദാസന്മാരിലും അവൻെറസമാധാനം വർഷിക്കുമാറാകട്ടെ. ആരാധനക്കർഹനായി അല്ലാഹുവല്ലാതെ യാതൊന്നുമില്ല എന്നു ഞാൻ സാക്ഷ്യംവഹിക്കുന്നു, മുഹമ്മദ് അല്ലാഹുവിൻെറദൂതനും പ്രവാചകനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു)

തുടർന്നു നബിയുടെമേൽ സ്വലാത്ചൊല്ലുക. അത് ഇപ്രകാരമാകുന്നു.

أَللّٰهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى الِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَهِيمَ إِنكَ حَمِيدٌ مَجِيدٌ. أَللّٰهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَهِيمَ إِنكَ حَمِيدٌ مَجِيدٌ.

*അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാസ്വല്ലയ്ത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വഅലാ ആലിഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്.*

(അല്ലാഹുവേ, മുഹമ്മദുനബിക്കും കുടുംബത്തിനും നീകരുണ ചെയ്യണമേ. ഇബ്റാഹീം നബിക്കും കുടുംബത്തിനും കരുണ ചെയ്തതുപോലെ. തീർച്ചയായും നീ ഉന്നതനും സ്തുത്യർഹനുമാകുന്നു. അല്ലാഹുവേ, മുഹമ്മദുനബിക്കും കുടുംബത്തിനും

നീഅനുഗ്രഹംചെയ്യേണമേ. ഇബ്റാഹീംനബിക്കും കുടുംബത്തിനും അനുഗ്രഹംചെയ്തതുപോലെ. തീർച്ചയായും നീ ഉന്നതനും സ്തുത്യർഹനുമാകുന്നു]

തുടർന്ന് അവസാനത്തെ അത്തഹിയ്യാത്തിൽ നരകശിക്ഷ, ഖബ്ർശിക്ഷ, ജീവിത മരണങ്ങളിലെ പരീക്ഷണങ്ങൾ, മസീഹുദ്ദജ്ജാലിൻെറവിപത്തുകൾ എന്നിവയിൽനിന്നും അല്ലാഹുവിൽ ശരണംതേടുക. അനന്തരം വേണ്ടപ്പെട്ട എല്ലാപ്രാർത്ഥനകളും നടത്താം. വിശിഷ്യ നബി (സ)യിൽനിന്നും സ്ഥിരപ്പെട്ടവ. അവയിൽ പെട്ട ചിലവചനങ്ങൾ:

اَللّٰهُمَّ أَعِنِّي عَلَى ذِكْرِكَ وَشُكْرِكَ وَحُسْنِ عِبَادَتِكَ

*അല്ലാഹുമ്മ അഇന്നീ അലാദിക്ക്‌രിക വശുക്‌രിക വഹുസ്നി ഇബാദതിക.*

[അല്ലാഹുവേ, നിന്നെസ്മരിക്കുവാനും, നിനക്കുനന്ദിചെയ്യുവാനും, നല്ലആരാധനകൾ ചെയ്യാവാനും എന്നെനീ സഹായിക്കേണമേ]

اَللّٰهُمَّ إِنِّي ظَلَمْتُ نَفْسِي ظُلْمًا كَثِيرًا وَلاَيَغْفِرُ الذُّنُوبَ إِلاَّ أَنْتَ فَاغْفِرْ لِي مَغْفِرَةً مِنْ عِنْدِكَ وَارْحَمْنِي إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ.

*അല്ലാഹുമ്മ ഇന്നീ ദ്വലംതു നഫ്സീ ദ്വുൽമൻ കഥീറൻ, വലായഗ്ഫിറു ദ്ദുനൂബ ഇല്ലാ അൻത, ഫഗ്ഫിർലീ മഗ്ഫിറതൻ മിൻ ഇൻദിക, വർഹംനീ, ഇന്നക അൻതൽ ഗഫൂറുർ-റഹീം.*

[അല്ലാഹുവേ, ഞാൻ ധാരാളം ആത്മദ്രോഹം ചെയ്തിരിക്കുന്നു. നീയല്ലാതെ ആരും പാപങ്ങൾ പൊറുക്കുകയില്ല, അതുകൊണ്ട് നിൻെറയടുക്കൽ നിന്നുള്ള പാപമോചനം എനിക്കു നീ നൽകേണമേ. നീ എന്നെ അനുഗ്രഹിക്കേണമേ. നിശ്ചയം നീ എല്ലാം പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു]

ദ്ധുഹ്ർ,അസ്വർ, മഗ്‌രിബ്, ഇശാ എന്നിവയിൽ ഒന്നാമത്തെഅത്തഹിയ്യാത്തിൽ രണ്ടുശഹാദത്തുകൾക്കുശേഷം മൂന്നാമത്തെ റക്അത്തിലേക്ക് എഴുന്നേറ്റുനിൽക്കുക. ഈ അത്തഹിയ്യാത്തിലും നബിയുടെപേരിൽ സ്വലാത്ത്ചൊല്ലുന്നത് ഉത്തമമാണെന്നാണ് ഹദീസുകളുടെ പൊതുതാൽപര്യം.

---

അബ്ദുല്ലാഹിബ്നു മസ്ഊദിൽ നിന്നു നിവേദനം, നബി(സ) ഞങ്ങളിലേക്കു തിരിഞ്ഞു നിന്നു, അനന്തരം പറഞ്ഞു: നിങ്ങൾ

നമസ്കരിക്കുമ്പോൾ ഇപ്രകാരം പറയുക: അത്തഹിയ്യാത്തു ലില്ലാഹി വസ്വലവാതു, വത്വയ്യിബാതു അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാതുഹു, അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി സ്വാലിഹീൻ. അശ്ഹദു അൻ ലാഇലാഹഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു. അനന്തരം അവന്നിഷ്ടമുള്ളപ്രാർത്ഥന തെരഞ്ഞെടുത്തു അവൻ പ്രാർത്ഥിച്ചുകൊള്ളട്ടെ (ബുഖാരി-മുസ്ലിം).

തശഹ്ഹുദിൻെറ വിഷയത്തിൽ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതിൽ ഏറ്റവും സ്വഹീഹായിട്ടുള്ളത് ഇബ്നു മസ്ഊദിൻെറ ഹദീസാകുന്നു.

അബൂമസ്ഊദിൽ ബദ്രി(റ)യിൽ നിന്നു നിവേദനം, ബഷീറുബ്നുസഅ്ദ് പറഞ്ഞു; ദൈവദൂതരേ, താങ്കളുടെ പേരിൽ സ്വലാത്ചൊല്ലാൻ അല്ലാഹു ഞങ്ങളോടുകൽപിച്ചിരിക്കുന്നു. ഞങ്ങൾ എങ്ങനെയാണത് നിർവ്വഹിക്കേണ്ടത്? നബി(സ) മൗനം ദീക്ഷിച്ചു, പിന്നീടു പറഞ്ഞു: നിങ്ങൾ ഇങ്ങനെപറയുക: അല്ലാഹുമ്മ സ്വല്ലി അലാമുഹമ്മദിൻ വഅലാആലിമുഹമ്മദിൻ കമാസ്വല്ലയ്ത അലാഇബ്റാഹീമ വഅലാ ആലിഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്. അല്ലാഹുമ്മബാരിക് അലാമുഹമ്മദിൻ വഅലാ ആലിമുഹമ്മദിൻ കമാബാറക്ത അലാഇബ്റാഹീമ വഅലാ ആലിഇബ്റാഹീമ ഇന്നക ഹമീദുൻമജീദ്. സലാം പറയേണ്ടത് നിങ്ങൾക്കറിയാവുന്നതു പോലെത്തന്നെ (മുസ്ലിം).

അബൂഹുറയ്റ(റ)യിൽ നിന്നു നിവേദനം, നബി(സ) പറഞ്ഞു: നിങ്ങൾ തശഹ്ഹുദ് ചൊല്ലിയാൽ നാലു കാര്യങ്ങളിൽ നിന്നും അല്ലാഹുവിനോടു ശരണം തേടിക്കൊണ്ട് ഇങ്ങനെ പറയുക:

اَللّٰهُمَّ إِنِّي اَعُوذُ بِكَ مِنْ عَذَابِ جَهَنَّمَ، وَمِنْ عَذَابِ الْقَبْرِ ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ

അല്ലാഹുവേ, നരകശിക്ഷയിൽ നിന്നും, ഖബ്റിലെ ശിക്ഷയിൽ നിന്നും, ജീവിത മരണങ്ങളിലെയും മസീഹുദ്ദജ്ജാലിൻെറയും നാശത്തിൽനിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു (ബുഖാരി-മുസ്ലിം).

നബി (സ)യുടെ പേരിൽ സ്വലാത് ചൊല്ലിയശേഷം ഈ പ്രാർത്ഥന നടത്താനുള്ള തെളിവാണ് ഈ ഹദീസ്.

അബൂബകർ സിദ്ദീഖ് (റ) നബിയോടു പറഞ്ഞു; എൻെറ നമസ്കാരത്തിൽ പറയാവുന്ന ഒരു പ്രാർത്ഥന എനിക്കു പഠിപ്പിച്ചു

തന്നാലും. നബി (സ) പറഞ്ഞു. നിങ്ങൾ ഇങ്ങനെ പറയുക. അല്ലാഹുവേ, ഞാൻ ധാരാളം ആത്മദ്രോഹം ചെയ്തിരിക്കുന്നു. നീ അല്ലാതെ ആരും പാപങ്ങൾ പൊറുക്കുകയില്ല, അതുകൊണ്ട് നിന്റെയടുക്കൽ നിന്നുള്ള പാപമോചനം എനിക്കു നീ നൽകേണമേ. നീ എന്നെ അനുഗ്രഹിക്കേണമേ. നിശ്ചയം നീ എല്ലാം പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു (ബുഖാരി-മുസ്ലിം).

നമസ്കാരത്തിൽ തശഹ്ഹുദിനും, സ്വലാതിനും ശേഷം പ്രാർത്ഥന നടത്തണമെന്നതിനുള്ള തെളിവാണ് ഈ ഹദീസ്. നാലു കാര്യങ്ങളിൽ നിന്നു ശരണം തേടണമെന്നതിനുള്ള തെളിവാണ് ഇബ്നു മസ്ഊദിന്റെ ഹദീസ്. "പിന്നീട് തനിക്കിഷ്ടപ്പെട്ടദുആ തെരഞ്ഞെടുത്ത് അവൻ പ്രാർത്ഥിക്കട്ടെ" എന്ന ഇബ്നു മസ്ഊദിന്റെഹദീസ്, നബിയിൽനിന്നും സ്ഥിരപ്പെട്ടതും, അല്ലാത്തവയുമായ പ്രാർത്ഥനകൾ -അവ ഇസ്ലാമിക നിയമപ്രകാരം നിഷിദ്ധമല്ലെങ്കിൽ- നമസ്കാരത്തിൽ ചൊല്ലുന്നത് അനുവദനീയമാകുന്നു എന്നതിനുള്ള തെളിവാണ്.

# പാഠം.10

## നമസ്കാരത്തിൻെറ സുന്നത്തുകൾ

1-പ്രാരംഭ പ്രാർത്ഥന 2-നിറുത്തത്തിൽ വലതു കൈപ്പടം ഇടതു കൈപ്പടത്തിൽ വച്ചു നെഞ്ചത്തു വക്കുക. 3-ഒന്നാമത്തെ തക്ബീർ, റുകൂഅ്, റുകൂഇൽ നിന്നും ഉയരൽ, ഒന്നാമത്തെ അത്തഹിയ്യാത്തിനുശേഷം മൂന്നാമത്തെ റക്അത്തിലേക്ക് ഉയരുക എന്നീ സന്ദർഭങ്ങളിൽ കൈവിരലുകൾ നിവർത്തിയും,ചേർത്തും പിടിച്ചുകൊണ്ട് ചുമലിനുനേരെയോ, ഇരുചെവികൾക്കു നേരെയോ കൈകൾ ഉയർത്തുക. 4-റുകൂഅ്, സുജൂദ് എന്നിവയിൽ തസ്ബീഹുകൾ ഒന്നിലധികംപ്രാവശ്യം ചൊല്ലുക. 5-രണ്ടു സുജൂദുകൾക്കിടയിലെ പ്രാർത്ഥനകൾ ഒന്നിലധികം പ്രാവശ്യം പറയുക. 6-റുകൂഇൽ മുതുകിനുനേരെ തലയാക്കുക. 7-സുജൂദിൽ തോൾ കൈകളെ രണ്ടുപാർശ്വങ്ങളിൽനിന്നും, വയറിനെ തുടയിൽ നിന്നും അകറ്റുക. 8-സുജൂദിൽ മുഴം കൈകൾ ഭൂമിയിൽ നിന്നും ഉയർത്തുക. 9-രണ്ടുസുജൂദുകൾക്കിടയിലും, ഒന്നാമത്തെ അത്തഹിയ്യാത്തിലും വലതുകാൽപാദം നാട്ടിവച്ചു, ഇടതുകാൽപാദത്തിൽ ഇരിക്കുക. 10-അവസാനത്തെ അത്തഹിയ്യാത്തിൽ "തവർറുക്" (വലതുകാൽപാദം നാട്ടിവച്ചു, ഇടതുകാൽപാദം അതിന്നടിയിലൂടെ പുറപ്പെടുവിച്ചു, നിലത്ത്ചന്തിയൂന്നി) ഇരിക്കുക. 11-ഇരുത്തത്തിൽ വലതുകാൽപാദം നാട്ടിവക്കുക. 12-ഒന്നാമത്തെ അത്തഹിയ്യാത്തിൽ മുഹമ്മദുനബിക്കും കുടുംബത്തിനും, ഇബ്റാഹീം നബിക്കും കുടുംബത്തിനും നന്മക്കും അനുഗ്രഹത്തിനും വേണ്ടി പ്രാർത്ഥിക്കുക.13- അവസാനത്തെഅത്തഹിയ്യാത്തിൽ പ്രാർത്ഥന ചൊല്ലുക. 14-സുബ്ഹ്, ജുമുഅഃ, പെരുന്നാൾ, മഴക്കുവേണ്ടിയുള്ള പ്രാർത്ഥന, മഗ്രിബ്, ഇശാ എന്നീനമസ്കാരങ്ങളിലെ ആദ്യത്തെ രണ്ടു റക്അത്തിൽ ഖുർആൻ ഉച്ചത്തിൽ ഓതുക. 15-ളുഹ്ർ, അസ്വ്ർ എന്നിവയിലും, മഗ്രിബിലെ മൂന്നാമത്തെയും ഇശാഇലെ അവസാനത്തെ രണ്ടുറക്അത്തുകളിലും ഖുർആൻ മൗനമായി ഓതുക. 16-മേൽപറയപ്പെട്ടവയല്ലാതെ, നമസ്കാരത്തിൽ നബി (സ)യിൽ നിന്നും സ്ഥിരപ്പെട്ട മറ്റുകാര്യങ്ങൾകൂടി ശ്രദ്ധിച്ചുകൊണ്ട്, ഫാതിഹക്കു പുറമെ സൂറത്തുകൾ ഓതുക.

---

നമസ്കാരത്തിൻെറ സുന്നത്തുകൾ രണ്ടുവിധമാണ്. 1-സുന്ന

ത്തായ വാക്കുകൾ. 2-സുന്നത്തായ പ്രവൃത്തികൾ.

ഗ്രന്ഥകാർൻ അവ വ്യക്തമാക്കിയിട്ടുണ്ട്. ഇവയെല്ലാം നമസ്കരിക്കുന്നവൻ ചെയ്യൽ നിർബന്ധമില്ല. പക്ഷെ മറ്റുള്ള ഐഛിക കാര്യങ്ങളെപ്പോലെ ഇവയോ, ഇവയിൽ ചിലതോ ചെയ്താൽ അവനു പ്രതിഫലംലഭിക്കും. ഇവയോ, ചിലതോ ഉപേക്ഷിച്ചാൽ തെറ്റാകില്ല. എന്നാൽ മുസ്ലിം ഇവയെല്ലാം പ്രവർത്തിക്കുകയും, നബിയുടെ ഈവാക്ക് ഓർത്തിരിക്കുകയും വേണം. നിങ്ങൾ എൻെറയും, ഖുലഫാഉർ-റാഷിദുകളുടെയും സുന്നത്തിനെ മുറുകെപിടിക്കുക. അതിൽ നിങ്ങൾ അണപ്പല്ലുകൾ കൊണ്ടു കടിച്ചു പിടിക്കുക.

# പാഠം.11

## നമസ്കാരം നിഷ്ഫലമാക്കുന്ന കാര്യങ്ങൾ

1-കരുതിക്കൂട്ടി, ഓർമ്മയോടെ, അറിവോടെയുള്ള സംസാരം. എന്നാൽ മറന്നു കൊണ്ടോ, വിവരമില്ലാതെയോ സംസാരിച്ചാൽ അതുകൊണ്ട് നമസ്കാരംനിഷ്ഫലമാകുകയില്ല. 2-ചിരി. 3-തിന്നുക. 4-കുടിക്കുക. 5-നഗ്നത വെളിവാക്കൽ. 6-ശരീരത്തിൻെറ ഭൂരിഭാഗം ഖിബ്ലയിൽനിന്നും തെറ്റൽ. 7-നമസ്കാരത്തിൽ ഉൾപെടാത്തചലനങ്ങൾ അധികമായും, തുടർച്ചയായും ചെയ്യൽ. 8-അശുദ്ധിയുണ്ടാകൽ.

---

നമസ്കാരത്തിൻെറ റുക്ന്, ശർത്, വാജിബ്, സുന്നത്ത് എന്നിവ വിവരിച്ചശേഷം, നമസ്കാരം നിഷ്ഫലമാകുന്നകാര്യങ്ങൾ പറയുന്നു. മേൽപറയപ്പെട്ട എട്ടുകാര്യങ്ങളിൽ ഏതെങ്കിലും ഒന്നുചെയ്താൽ നമസ്കാരംനിഷ്ഫലമാകുമെന്ന ജാഗ്രത മുസ്ലിമിൽ ഉണ്ടായിരിക്കണം.

1-കരുതിക്കൂട്ടി, ബോധപൂർവ്വം, അറിവോടെയുള്ള സംസാരം. എന്നാൽ മറന്നുകൊണ്ടോ, വിവരമില്ലാതെയോ സംസാരിച്ചാൽ അതുകൊണ്ട് നമസ്കാരം നിഷ്ഫലമാകുകയില്ല. സൈദുബ്നുഅർഖം പറയുന്നു; ഞങ്ങൾ (നമസ്കാരത്തിൽ) നിശ്ശബ്ദത പാലിക്കാൻ കൽപിക്കപ്പെട്ടു. സംസാരം വിരോധിപ്പെടുകയും ചെയ്തു.

2-ചിരി. ഇബ്നുമുൻദിർ പറയുന്നു: ചിരി നമസ്കാരത്തെ നിഷ്ഫലമാക്കുമെന്ന് പണ്ഢിതർ ഏകാഭിപ്രായക്കാരാകുന്നു.

3-4.തീറ്റ, കുടി. ഇബ്നു മുൻദിർ പറയുന്നു: നിർബന്ധ നമസ്കാരത്തിൽ കരുതിക്കൂട്ടി തിന്നുകയോ, കുടിക്കുകയോ ചെയ്തവൻ തൻെറനമസ്കാരം മടക്കിനമസ്കരിക്കൽ നിർബന്ധമാണെന്ന് നമുക്കറിയാവുന്ന എല്ലാവരും ഏകാഭിപ്രായക്കാരായ കാര്യമാകുന്നു.

5-നഗ്നതവെളിവാകൽ. നമസ്കാരത്തിൻെറ ശർതിൽ പെട്ടതാകുന്നു നഗ്നതമറക്കൽ. ശർത് ഇല്ലാതായാൽ നിബന്ധനയാക്കപ്പെട്ട കാര്യ (നമസ്കാര) വും ഇല്ലാതാകും.

6-ഖിബ്ലയിൽ നിന്നു അമിതമായി തെറ്റൽ. മുമ്പ് പറഞ്ഞതു പോലെ ഖിബ്ലക്കഭിമുഖമായി നിൽക്കലും നമസ്കാരത്തിൻെറ ശർത്താകുന്നു.

7-നമസ്കാരത്തിൽ ഉൾപെടാത്ത ചലനങ്ങൾ അധികമായും തുടർച്ചയായും ചെയ്യൽ. നമസ്കാരത്തിൽ ഉൾപ്പെടാത്തകാര്യം തുടർച്ചയായും, അധികമായും ചെയ്താൽ നമസ്കാരം നിഷ്ഫലമാകുമെന്ന് "കാഫീ" എന്ന ഗ്രന്ഥത്തിൽ പറഞ്ഞിട്ടുണ്ട്. കുറച്ചാണെങ്കിൽ ബാത്വിലാകുകയില്ല. കാരണം, നബി(സ) നമസ്കാരത്തിൽ ഉമാമയെ എടുത്തിരുന്നു. എഴുന്നേറ്റു നിൽക്കുമ്പോൾ എടുക്കുകയും സുജൂദ് ചെയ്യുമ്പോൾ താഴെവക്കുകയും ചെയ്തിരുന്നു. അതുപോലെത്തന്നെ ഗ്രഹണ നമസ്കാരത്തിൽ നബി (സ) മുന്നോട്ടും, പിന്നോട്ടും നീങ്ങിയിരുന്നു.

8-അശുദ്ധിയുണ്ടാകൽ. ഇത് നമസ്കാരത്തിൻെറ ശർത്തിൽ പെട്ടതാകുന്നു. വുദു മുറിഞ്ഞാൽ നമസ്കാരം മുറിയും.

# പാഠം.12

## വുദുവിൻെറ നിബന്ധന (ശർത്വ്)കൾ

ഇസ്ലാം. സ്ഥിരബുദ്ധി. വിവേകം. നിയ്യത്ത് (വുദു പൂർത്തിയാകുന്നതുവരെ നിയ്യത്ത് ഉണ്ടാകൽ). വുദു നിർബന്ധമാക്കുന്നകാര്യങ്ങൾ നീങ്ങൽ. ആവശ്യമെങ്കിൽ കല്ലുകൊണ്ടോ, വെള്ളംകൊണ്ടോ ശൗച്യംചെയ്യൽ. വെള്ളം ശുദ്ധവും അനുവദനീയവുമായിരിക്കൽ. തൊലിയിൽ വെള്ളംസ്പർശിക്കുന്നതിന്നു തടസ്സമായിട്ടുള്ളവസ്തുക്കൾ നീക്കംചെയ്യൽ. സ്ഥിരമായി അശുദ്ധിയുള്ളവർക്ക് നമസ്കാര സമയമാകൽ.

---

വുദുവിൻെറ ശർതുകൾ. ഇസ്ലാം, സ്ഥിര ബുദ്ധി, വിവേകം, നിയ്യത്ത്. കാഫിറിൻെറവുദു സ്വീകാര്യമല്ല. കാരണം, അവൻ ഇസ്ലാമാകുന്നതുവരെ അവനിൽനിന്നും യാതൊന്നും സ്വീകാര്യമാകുകയില്ല.

ഭ്രാന്തൻെറവുദുവും സ്വീകാര്യമല്ല. കാരണം, അവൻ മതശാസനയുള്ളവനല്ല. വകതിരിവെത്താത്ത കുട്ടിയുടെവുദുവും സ്വീകാര്യമല്ല. വുദുചെയ്യുന്നു എന്നനിയ്യത്തില്ലാതെ ശരീരം തണുപ്പിക്കൽ, അഴുക്ക്, കൊഴുപ്പ് എന്നിവ നീക്കാൻവേണ്ടി അവയവങ്ങൾ കഴുകാൻ ഉദ്ദേശിച്ചവൻെറയും വുദു സ്വീകാര്യമല്ല.

വെള്ളംശുദ്ധമായിരിക്കൽ വുദുവിൻെറശർതാകുന്നു. മാലിന്യം കലർന്ന വെള്ളമാണെങ്കിൽ പറ്റുകയില്ല. വെള്ളം അനുവദനീയമായതായിരിക്കണം. കവർന്നെടുത്തതോ, മതവിരുദ്ധമായ രീതിയിൽ നേടിയെടുത്തതോ ആണെങ്കിൽ വുദു ശരിയാകുകയില്ല. വുദുവിന്നുമുമ്പ് മൂത്രവിസർജ്ജനംചെയ്തു, കല്ലുകൊണ്ടോ, വെള്ളംകൊണ്ടോ ശൗച്യംചെയ്യൽ വുദുവിൻെറശർതിൽ പെടുന്നു. ശരീരത്തിൽ വെള്ളംചേരുന്നത് തടയുന്നവസ്തുക്കൾ നീക്കം ചെയ്യൽ വുദുവിൻെറശർതിൽ പെടുന്നു. വുദുഎടുക്കുന്നവൻ അവയവങ്ങളിൽനിന്നും ചെളി, മാവ്, പശ, പെയിൻറ് തുടങ്ങിയവ നീക്കംചെയ്യണം. യാതൊരു തടസ്സവുംകൂടാതെ വെള്ളം അവയവങ്ങളുടെ തൊലിയിൽ ചേരുന്ന വിധമായിരിക്കണം.

സ്ഥിരംഅശുദ്ധിയുള്ള ആളാണെങ്കിൽ നമസ്കാരസമയമായിരിക്കുക എന്നതും ശർതാണ്. ഇസ്തിഹാദത് (രക്തസ്രാവം) ഉള്ള സ്ത്രീയോട് ഓരോ നമസ്കാരത്തിനും വുദു ചെയ്യാൻ നബി (സ) കൽപിച്ചിട്ടുണ്ട്.

# പാഠം.13

## വുദുവിൻെറ ഫർദുകൾ

1-മുഖംകഴുകൽ. വായിൽ വെള്ളംകൊപ്ളിക്കലും, മൂക്കിൽ വെള്ളം കയറ്റി ചീറ്റലും അതിൽലുൾപ്പെടും. 2-രണ്ടു കൈകളും മുട്ടുൾപ്പെടെ കഴുകൽ. 3-തലമുഴുവൻ തടവുക, ചെവി അതിൽ ഉൾപ്പെടും. 4-രണ്ടുകാലുകൾ നെരിയാണി ഉൾപ്പെടെ കഴുകുക. 5-ക്രമം പാലിക്കുക. 6-തുടർച്ച മുറിയാതെ ചെയ്യുക. മുഖം, കൈകൾ, രണ്ടുകാലുകൾ എന്നിവ മൂന്നുപ്രാവശ്യം കഴുകലും, മൂന്നുപ്രാവശ്യം കൊപ്ളിക്കലും, മൂക്കിൽ വെള്ളം കയറ്റി ചീറ്റലും സുന്നത്താകുന്നു. ഒരുപ്രാവശ്യം മാത്രമേ നിർബന്ധമുള്ളു. എന്നാൽ തലതടവൽ മൂന്നുപ്രാവശ്യം ആവർത്തിക്കൽ സുന്നത്തില്ല എന്നാണ് ഹദീസുകൊണ്ട് സ്ഥിരപ്പെട്ട കാര്യം.*

---

*വുദുവിൻെറഫർദുകൾ അല്ലാഹു പറയുന്നു: **സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന്നൊരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടു കൈകളും, കഴുകുകയും, നിങ്ങളുടെ തലതടവുകയും, നെരിയാണി വരെ രണ്ടുകാലുകൾ കഴുകുകയും ചെയ്യുക** (മാഇദ:6).

1-മുഖം കഴുകുക. വായും, മൂക്കും അതിലുൾപ്പെടുന്നു. അല്ലാഹു പറയുന്നു: **നിങ്ങളുടെ മുഖം കഴുകുക.** ഇതാണ് വായിൽ വെള്ളംകൊപ്ളിക്കുക, മൂക്കിൽവെള്ളംകയറ്റി ചീറ്റുക എന്നിവ നിർബന്ധമാണെന്നതിനുള്ള തെളിവ്. കാരണം അവയെല്ലാം മുഖത്തിൽപെട്ടതാകുന്നു. അപ്രകാരം തന്നെ, നബി (സ)യുടെ വുദുവിൻെറരൂപം വിശദീകരിച്ചവരെല്ലാം ഇവരണ്ടും ഉൾപ്പെടുത്തിയിരിക്കുന്നു. അബൂഹുറയ്റയിൽനിന്നുനിവേദനം, നബി(സ) പറഞ്ഞു: നിങ്ങളാരെങ്കിലും വുദുചെയ്താൽ, തൻെറ മൂക്കിൽ വെള്ളമാക്കി ചീറ്റിക്കളയട്ടെ. (മുസ്‌ലിം)

2-രണ്ടുകൈകൾകഴുകൽ. അല്ലാഹു പറയുന്നു: **മുട്ടുവരെ നിങ്ങൾ രണ്ടുകൈകൾകഴുകുക.** അതായത് മുട്ടുൾപ്പെടെ. കൈമുട്ടുകൾ കഴുകൽ നിർബന്ധമാണ്. കാരണം, നബി (സ)വുദുവിൽ തൻെറരണ്ടുകൈമുട്ടുകളും കഴുകിയിരുന്നു.

3-തലമുഴുവനായിതടവുക. ചെവി അതിലുൾപ്പെടും. അല്ലാഹു പറയുന്നു: **നിങ്ങൾ തലതടവുക.** നബി (സ) പറഞ്ഞു: രണ്ടു ചെവികൾ തലയിൽഉൾപ്പെടുന്നു. നബി (സ) വുദുവിൽ തൻെറതലയും, ചെവിയും തടവിയിരുന്നു.

4-നെരിയാണി ഉൾപ്പെടെ രണ്ടു കാലുകൾ കഴുകുക. അല്ലാഹു പറയുന്നു: **നിങ്ങളുടെ രണ്ടുകാലുകൾ നെരിയാണി വരെ കഴുകുക.**

5-ക്രമമായി ചെയ്യുക. അല്ലാഹു അത് ക്രമമായാണ് പറഞ്ഞിട്ടുള്ളത്. കഴുകപ്പെടേണ്ട അവയവങ്ങൾക്കിടയിൽ തടവേണ്ട അവയവവും പറഞ്ഞിരിക്കുന്നു. സാമ്യമുള്ളവയാണെങ്കിലും അവയെ വേർതിരിച്ചിരിക്കുന്നു. അതിൽ നിന്നും ക്രമം തന്നെയാണ് മനസ്സിലാകുക. നബി (സ) വുദു നിർവ്വഹിച്ചത് ഇപ്രകാരമാണ്. തൻെറ വാക്കു കൊണ്ടും പ്രവൃത്തി കൊണ്ടും ഖുർആനിനെ വ്യാഖ്യാനിച്ചതും നബി തന്നെയാണല്ലോ.

6-തുടർച്ച. ഒരവയവം കഴുകിയശേഷം അത് ഉണങ്ങുന്നതു വരെ, അടുത്ത അവയവം കഴുകൽ പിന്തിക്കാതിരിക്കുക. അതിനുള്ള തെളിവ്: നബി (സ) യാണല്ലോ തൻെറ സമുദായത്തിന് ഈമതനിയമങ്ങൾ പഠിപ്പിക്കുകയും, വിശദീകരിച്ചു കൊടുക്കുകയും ചെയ്തത്. നബി (സ)യുടെവുദു വിശദീകരിച്ചവരെല്ലാം അദ്ദേഹമത് തുടർച്ചയായിനിർവ്വഹിച്ചു എന്നും പറഞ്ഞിട്ടുണ്ട്.

# പാഠം.14

## വുദു മുറിയുന്ന കാര്യങ്ങൾ

മുൻ പിൻ ദ്വാരങ്ങളിൽകൂടി വല്ലതും പുറത്തുപോകൽ. ശരീരത്തിൽനിന്നും മാലിന്യമോ, മ്ളേഛമോ ആയവ വല്ലതും പുറത്തുവരൽ. ഉറക്കംമൂലമോ അല്ലാതെയോ സ്വബോധംനീങ്ങിപ്പോകൽ. മറകൂടാതെ കൈകൊണ്ട് ഗുഹ്യസ്ഥാനം സ്പർശിക്കൽ. ഒട്ടക മാംസം ഭക്ഷിക്കൽ. ഇസ്ലാം മതത്തിൽനിന്നും പുറത്തുപോകൽ (അല്ലാഹു നമ്മെ രക്ഷിക്കട്ടെ).

---

മുൻപാഠത്തിൽ വുദുവിനെകുറിച്ചാണ് സംസാരിച്ചത്. ഇവിടെ വുദുമുറിയുന്ന കാര്യങ്ങൾ വിശദീകരിക്കുവാൻ ഉദ്ദേശിക്കുന്നു. മുസ്ലിം തൻെറമതകാര്യങ്ങളിൽ ഉൾകാഴ്ച ഉള്ളവനായിരിക്കാൻ വേണ്ടിയാണിത്.

1-മുൻ-പിൻ ദ്വാരങ്ങളിൽകൂടി വല്ലതുംപുറത്തുവരിക. അത് അൽപമോ, കൂടുതലോ ആകട്ടെ. അത് രണ്ടിനമാണ്.

1-സർവ്വസാധാരണം. മലം, മൂത്രം. അവരണ്ടുകൊണ്ടും വുദു മുറിയും എന്നതിൽ തർക്കമില്ല എന്ന് ഇബ്നുഅബ്ദിൽബർറ് പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു:നിങ്ങളിൽ ഒരാൾ മല മൂത്രവിസർജ്ജനം കഴിഞ്ഞു വരികയോ ചെയ്തിട്ട് (മാഇദ:6).

2-അപൂർവ്വം. പുഴു, മുടി, കല്ല് എന്നിവ പുറത്തുവരിക. അവകൊണ്ടും വുദുമുറിയും. ഇസ്തിഹാദത്തുള്ള സ്ത്രീയോട് നബി (സ) പറഞ്ഞു: നീ ഓരോ നമസ്കാരങ്ങൾക്കും വുദു ചെയ്യുക (അ.ദാ,ഇ.മാ, അഹ്മദ്,തിർമദി).

അവളുടെരക്തം അസാധാരണമാണെങ്കിലും, മുൻ പിൻ ദ്വാരങ്ങളിലൂടെ പുറപ്പെടുന്നതിനാൽ അതിനെ സാധാരണമായ ഒന്നിനോടു സദൃശ്യപ്പെടുത്തിയിരിക്കയാണ്.

2-ശരീരത്തിൽ നിന്നും മലിനവസ്തുക്കൾ പുറത്തുവരിക. ഇത് അധികമാണെങ്കിൽ വുദുമുറിയും, അൽപമാണെങ്കിൽ മുറിയില്ല. ഉദാ: രക്തം. അത് മോശമായരീതിയിൽ വന്നാൽ വുദുമുറിയും. അൽപം മാത്രമേ ഉള്ളുവെങ്കിൽ മുറിയുകയില്ല. ഇബ്നു അബ്ബാസ് പറയുന്നു: മോശമായ രീതിയിലുണ്ടെങ്കിൽ അവൻ വുദുചെയ്യണം. ഇബ്നുഉമർ(റ) മുഖക്കുരുഞെക്കി, രക്തം പുറത്തുവന്നു. അദ്ദേഹം വുദു പുതുക്കാതെ നമസ്കരിക്കുകയും

ചെയ്തു. സ്വഹാബികളിൽനിന്നും ഇതിന് എതിരഭിപ്രായം വന്നിട്ടില്ലാത്തതിനാൽ ഇത് ഇജ്മാഅ്ആണ്.

3-സ്വബോധം നീങ്ങിപ്പോകൽ. ഉദാ: ഉറക്കം, ഭ്രാന്ത്, ബോധക്ഷയം, ലഹരി. നബി(സ) പറഞ്ഞു: കണ്ണ് പിൻദ്വാരത്തിൻെറ കെട്ടു കയറാകുന്നു. ആരെങ്കിലും ഉറങ്ങിയാൽ അവൻ വുദുഎടുക്കട്ടെ (അൽബാനി). മോഹാലസ്യം, ഭ്രാന്ത്, ലഹരി എന്നിവ മൂലം സ്വബോധം, ഉറക്കിനെക്കാൾ കൂടുതലായി നീങ്ങിപ്പോകുന്നതിനാൽ വുദുചെയ്യൽ നിർബന്ധമാണ്.

4-മറയില്ലാതെ, ഗുഹ്യസ്ഥാനം കൈകൊണ്ട് സ്പർശിക്കുക. അത് മുൻദ്വാരമായാലും, പിൻദ്വാരമായാലും ശരി. നബി (സ) പറഞ്ഞു: ആരെങ്കിലും തൻെറഗുഹ്യസ്ഥാനം തൊട്ടാൽ അവൻ വുദുഎടുക്കട്ടെ (അ.ദാ, ഇ.മാ, ദാ.ഖു, ഹാകിം).

5-ഒട്ടക മാംസം ഭക്ഷിക്കുക. ജാബിറുബ്നു സമുറ (റ) പറയുന്നു; ഒരാൾ നബിയോടു ചോദിച്ചു; ഒട്ടകത്തിൻെറമാംസം കഴിച്ചാൽ ഞാൻ വുദുചെയ്യണമോ? നബി: അതെ, ഒട്ടകത്തിൻെറമാംസം കഴിച്ചാൽ നീ വുദുചെയ്യുക (മുസ്ലിം).

6-ഇസ്ലാമിൽനിന്നു പുറത്തുപോകുക. അല്ലാഹു നമ്മെരക്ഷിക്കട്ടെ. അല്ലാഹു പറയുന്നു: നീ ശിർക് ചെയ്താൽ നിൻെറപ്രവർത്തനം നിഷ്ഫലമാകുക തന്നെചെയ്യും (സുമർ:15).

<u>പ്രത്യേകശ്രദ്ധക്ക്:</u> മയ്യിത്ത് കുളിപ്പിച്ചാൽ വുദു മുറിയുകയില്ല എന്നാണ് ഭൂരിപക്ഷം പണ്ഡിതരുടെയും അഭിപ്രായം. വുദു മുറിയും എന്നതിന് തെളിവ് സ്ഥിരപ്പെട്ടിട്ടില്ല. എന്നാൽ കുളിപ്പിക്കുന്നവൻെറകൈ, മയ്യിത്തിൻെറ ഗുഹ്യസ്ഥാനങ്ങളിൽ മറയില്ലാതെ തൊട്ടാൽ വുദുനിർബൻധമാകും. മയ്യിത്തിൻെറ ഗുഹ്യസ്ഥാനം മറകൂടാതെ സ്പർശിക്കാതിരിക്കൽ നിർബന്ധമാണ്. അപ്രകാരംതന്നെ സ്ത്രീയെതൊട്ടാലും-അത് വികാരത്തോടെ ആകട്ടെ, അല്ലാതിരിക്കട്ടെ- നിരുപാധികം വുദുമുറിയുകയില്ല എന്നാണ് പണ്ഡിതാഭിപ്രായങ്ങളിൽ കൂടുതൽ ശരിയായിട്ടുള്ളത്. അവനിൽനിന്നും ഒന്നുംപുറത്തുവരാൻ പാടുള്ളതല്ല. കാരണം നബി (സ) തൻെറ ഒരുഭാര്യയെ ചുംബിക്കുകയും, പിന്നീട് വുദുപുതുക്കാതെ നമസ്കരിക്കുകയും ചെയ്തിരുന്നു.

എന്നാൽ അന്നിസാഅ്, മാഇദ എന്നീ ഖുർആൻ സൂറത്തുകളിൽ "അൗ ലാമസ്തുമുന്നിസാഅ" എന്നുപറഞ്ഞതിൻെറ ആശയം ലൈംഗികബന്ധം എന്നതാണെന്നാണ് പണ്ഡിതാഭിപ്രായം ഈ അർത്ഥം തന്നെയാണ് ഇബ്നുഅബ്ബാസും, മറ്റു മുൻഗാമികളും പിൻഗാമികളുമായിട്ടുള്ള ഒരുവിഭാഗവും നൽകിയിട്ടുള്ളത്.

# പാഠം.15

## സൽസ്വഭാവിയാകുക

സത്യസന്ധത, വിശ്വസ്ഥത, പാതിവൃത്യം, ലജ്ജ, ധൈര്യം, ഉദാരശീലം, കരാർ പാലനം, അല്ലാഹു നിഷിദ്ധമാക്കിയ എല്ലാറ്റിൽനിന്നും ശുദ്ധനായിരിക്കുക, നല്ല അയൽവാസിബന്ധം, ആവശ്യക്കാരനെ കഴിവനുസരിച്ചുസഹായിക്കുക, തുടങ്ങി ഖുർആനും സുന്നത്തും പഠിപ്പിച്ച എല്ലാനല്ലകാര്യങ്ങളും അതിൽ ഉൾപ്പെടും.

# പാഠം.16

## ഇസ്‌ലാമിക മര്യാദകൾ പാലിക്കുക

സലാം പറയുക, സുസ്മേര വദനനായിരിക്കുക, വലതുകൈ കൊണ്ട് തിന്നുക, കുടിക്കുക, ഭക്ഷണം കഴിക്കുമ്പോൾ ബിസ്മി ചൊല്ലുക, അവസാനിക്കുമ്പോൾ അല്ലാഹുവിനെ സ്തുതിക്കുക, തുമ്മിയാൽ അല്ലാഹുവിനെ സ്തുതിക്കുക, തുമ്മിയിട്ട് അൽഹംദു ലില്ലാഹി പറഞ്ഞവനെ സന്തോഷിപ്പിക്കുക, രോഗിയെ സന്ദർശിക്കുക, നമസ്കാരത്തിനും, മറവുചെയ്യുന്നതിനും വേണ്ടി മയ്യിത്തിൻെറ കൂടെപ്പോവുക. പള്ളി, വീട് എന്നിവയിൽ പ്രവേശിക്കുമ്പോളും, പുറത്തുവരുമ്പോളും, യാത്രയിലുമുള്ള മര്യാദകൾ പാലിക്കുക. മാതാപിതാക്കളോടും, ബന്ധുക്കളോടും, അയൽവാസികളോടും, വലിയവരോടും ചെറിയവരോടുമുള്ള മര്യാദകൾ പാലിക്കുക. നവജാതശിശുവിനെ ആശിർവദിക്കുക, വിവാഹവേളയിൽ വധൂവരന്മാർക്ക് അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുക, അപകട സമയങ്ങളിൽ സമാശ്വസിപ്പിക്കുക തുടങ്ങി,വസ്ത്രവും, ചെരിപ്പും ധരിക്കുന്നതിലും അഴിക്കുന്നതിലുമുള്ള മര്യാദകൾവരെ പാലിക്കുക.

---

ഗ്രന്ഥകാരൻ കർമ്മപരമായകാര്യങ്ങൾ വിവരിച്ചശേഷം, ഓരോമുസ്‌ലിമും അനുവർത്തിച്ചിരിക്കേണ്ട പൊതുവായ ചിലസൽവഭാവങ്ങൾ വിശദീകരിക്കുന്നു.

മുസ്‌ലിം സഹോദരാ! താങ്കൾ സൽസ്വഭാവമുള്ളവനാകുക. ഉത്തുംഗവും, ഉദാത്തവുമായ ഇസ്‌ലാമിക സ്വഭാവങ്ങളിലൂടെ മറ്റു

ള്ളവർക്ക് ഉത്തമ മാതൃകയാകുക. അവ മുറുകെ പിടിക്കുവാൻ പ്രേരിപ്പിക്കുന്ന വാക്കുകൾ ഖുർആനിലും, സുന്നത്തിലും നിറഞ്ഞു നിൽക്കുന്നു. ദീർഘിച്ചു പോകുമെന്ന ഭയത്താൽ നീട്ടിപ്പറയുന്നില്ല. അതിൽ താങ്കളുടെമാതൃക മുഹമ്മദു നബി(സ) ആയിരിക്കട്ടെ. ആഇശഃ (റ) യോടു നബിയുടെ സ്വഭാവത്തെ കുറിച്ചു ചോദിക്കപ്പെട്ടു. അവർ പറഞ്ഞു: അദ്ദേഹത്തിൻെറസ്വഭാവം ഖുർആൻ ആയിരുന്നു (മുസ്ലിം, അഹ്മദ്,അ.ദാ). അദ്ദേഹം സത്യം, വിശ്വസ്തത, ധൈര്യം, ഔദാര്യം, അല്ലാഹു നിഷിദ്ധമാക്കിയിട്ടുള്ള എല്ലാകാര്യങ്ങളിൽനിന്നുമുള്ള പരിശുദ്ധി എന്നിവക്കു പുകൾപെറ്റയാളായിരുന്നു. അദ്ദേഹത്തിൻെറ അതേമാർഗ്ഗത്തിൽതന്നെയാണ് സ്വഹാബികൾ എല്ലാവരുംചരിച്ചതും. നാഗരികതയുള്ള സ്ഥലങ്ങളിൽ ഇസ്ലാം, അതിൻെറപ്രാരംഭഘട്ടത്തിൽതന്നെ വ്യാപിച്ചത് മുസ്ലിം വർത്തകരിലൂടെയായിരുന്നു. അവർ സത്യസന്ധരും, വിശ്വസ്തരുമായിരുന്നു.

സഹോദരാ, ഈ മഹത്തായ ഗുണങ്ങളുള്ളവനായിത്തീരുവാൻ അല്ലാഹുവിൻെറ പേരിൽ ഞാൻ ഉണർത്തുന്നു. വാക്കിലും, പ്രവൃത്തിയിലും സത്യസന്ധത പുലർത്തുക. എടുക്കുന്നതിലും, കൊടുക്കുന്നതിലും വിശ്വസ്തനാകുക. തൻെറകയ്യിലുള്ളതുകൊണ്ട് സംതൃപ്തിയും, പാതിവൃത്യവും സ്വീകരിക്കുക. ലജ്ജയും, മര്യാദയും, ധൈര്യവും, കരാർപാലനവും, ഔദാര്യവും, വിശുദ്ധിയും ഉള്ളവനാകുക. അയൽവാസിക്കു നന്മചെയ്യുക. കാരണം, അവൻെറഅവകാശങ്ങൾ മഹത്തരമാകുന്നു. ആവശ്യക്കാരെ സഹായിക്കുക. കാരണം, ഒരുമനുഷ്യൻ മറ്റൊരുമനുഷ്യനെ സഹായിച്ചു കൊണ്ടിരിക്കുമ്പോളെല്ലാം, അല്ലാഹു അവനെ സഹായിച്ചു കൊണ്ടിരിക്കും. അറിയുന്നവരോടും അറിയാത്തവരോടും സലാം പറയുക. ഇതു നബിചര്യയിൽപെട്ടതത്രെ. അത് സ്നേഹം വർദ്ധിപ്പിക്കും, പിണക്കവും, വിദ്വേഷവും ഇല്ലാതാക്കും. സഹോദരങ്ങളോട് സുസ്മേരവദനനായിരിക്കുക. അത് ഒരു സ്വദഖ (ദാനം) ആകുന്നു. നബി(സ) പഠിപ്പിച്ചതുപോലെ വലതുകൈ കൊണ്ട് കുടിക്കുക, തിന്നുക. പള്ളിയിൽ പ്രവേശിക്കുമ്പോൾ വലതുകാൽ മുന്തിക്കുക, പുറത്തുകടക്കുമ്പോൾ ഇടതുകാലിനെ മുന്തിക്കുക. സുന്നത്ത് മുറുകെപിടിക്കുക. നബിയിൽ നിന്നും സ്ഥിരപ്പെട്ട പ്രാർത്ഥനകൾ ചൊല്ലുക. വീട്ടിൽ പ്രവേശിക്കുമ്പോളും, പുറത്തു വരുമ്പോളുമുള്ള പ്രാർത്ഥനകൾ സ്ഥിരമാക്കുക. അല്ലാ

ഹുവിൻെറകാവലും, സംരക്ഷണവും താങ്കൾക്കു ലഭിക്കും. യാത്ര യിൽ പ്രാർത്ഥന മറക്കരുത്. മാതാപിതാക്കൾക്കു നന്മചെയ്യുക. നല്ലരൂപത്തിൽ അവരോടു വർത്തിക്കുക. അവരോടുള്ളത് മഹത്താ യ ഉത്തരവാദിത്വമാണെന്നാണ് ഖുർആനും സുന്നത്തും പറയു ന്നത്. അതിൽ അലംഭാവംകാണിക്കരുത്. ദുഃഖിച്ചിട്ടു ഫലമില്ലാത്ത ഒരുനാളിൽ നീ ദുഃഖിക്കേണ്ടിവരും.

ബന്ധുക്കൾക്കും അയൽവാസികൾക്കും ചെറിയവർക്കും മു തിർന്നവർക്കും നന്മചെയ്യാൻ മറക്കരുത്. അത് അല്ലാഹുവിൻെറ യും, റസൂലിൻെറയും നിർദ്ദേശമാകുന്നു. അല്ലാഹു പറയുന്നു: **നിങ്ങൾ നല്ലതുപ്രവർത്തിക്കുക, നന്മചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെചെയ്യും** (അൽബഖറ:195). നബി(സ) പറഞ്ഞു: തീർച്ചയായും നിങ്ങളുടെസമ്പത്തുകൊണ്ട് നിങ്ങൾക്കു ജനങ്ങളി ൽ വിശാലമാക്കാൻ സാധ്യമല്ല. പക്ഷെ, പുഞ്ചിരിയും സ ൽസ്വഭാ വവുംകൊണ്ട് അവരെമതിയായവരാക്കുക. നബി (സ) മുആദി നോടു പറഞ്ഞു: നീ എവിടെയായിരുന്നാലും അല്ലാഹുവിനെ സൂ ക്ഷിക്കുക. ഒരുതിന്മക്കുപിറകെ നന്മചെയ്യുക. അത് തിന്മയെ മാ യിച്ചുകളയും. ജനങ്ങളോട് നല്ലസ്വഭാവത്തോടെ പെരുമാറുക. ന വജാതശിശുവിനു നീ ആശംസനേരുക, അതിനുവേണ്ടി പ്രാർത്ഥി ക്കുക. അപകടംപിണഞ്ഞ നിൻെറസഹോദരങ്ങളെ നീ സമാശ്വ സിപ്പിക്കുക. നിനക്കതിനു പ്രതിഫലം ലഭിക്കും.

എല്ലാ ഇസ്ലാമികസ്വഭാവങ്ങളും മുറുകെപിടിക്കുക. ദുസ്വഭാ വങ്ങൾ നീവെടിയുക. അങ്ങനെ ആയിത്തീരാൻ അല്ലാഹു നമ്മെ സഹായിക്കട്ടെ.

# പാഠം.17

## ശിർക്, വൻപാപങ്ങൾ എന്നിവയെകുറിച്ച് ജാഗ്രത പുലർത്തുക

**അവയിൽപെട്ടതാകുന്നു ഏഴുമഹാപാപങ്ങൾ. അവ അല്ലാഹുവിൽ പങ്കുചേർക്കുക, മാരണം, അല്ലാഹു ആദരിച്ച മനുഷ്യാത്മാവിനെ അനർഹമായി വധിക്കുക, അനാഥയുടെധനം ഭക്ഷിക്കുക, പലിശഭക്ഷിക്കുക, യുദ്ധക്കളത്തിൽനിന്നും പിന്തിരിഞ്ഞോടുക, സത്യവിശ്വാസിനികളായ സ്ത്രീകളെകുറിച്ച് അപവാദം പറയുക എന്നിവയാകുന്നു.**

**മാതാപിതാക്കളെ നിന്ദിക്കുക, കുടുംബ ബന്ധംമുറിക്കുക, കള്ളസാക്ഷ്യം പറയുക, കള്ളസത്യം ചെയ്യുക, അയൽവാസിയെ ഉപദ്രവിക്കുക, മനുഷ്യരുടെ അഭിമാനം, സമ്പത്ത്, രക്തം എന്നിവയിൽ അക്രമം പ്രവർത്തിക്കുക തുടങ്ങി അല്ലാഹുവും റസൂലും വിരോധിച്ച കാര്യങ്ങളും ഈ ഗണത്തിൽപെടുന്നു.**

---

സൽസ്വഭാവങ്ങളെകുറിച്ചു പറഞ്ഞശേഷം, ഗ്രന്ഥകാരൻ ഈ പാഠത്തിൽ ശിർകിൻെറ അപകടങ്ങളെ കുറിച്ചു പറയുന്നു. മറ്റുപാപങ്ങളെകുറിച്ചു ജാഗ്രതപുലർത്താൻ നിർദ്ദേശിക്കുന്നു. അവയിൽ പെട്ടതാകുന്ന, വിനാശകരമായ ഏഴു മഹാപാപങ്ങൾ. അബൂഹുറയ്റ (റ)യിൽനിന്നു നിവേദനം, നബി (സ) പറഞ്ഞു. നാശകരങ്ങളായ ഏഴു മഹാപാപങ്ങൾ നിങ്ങൾ വെടിയുക. സ്വഹാബികൾ ചോദിച്ചു; അവ ഏതാണ്? നബി. അല്ലാഹുവിൽ പങ്കുചേർക്കൽ, സിഹ്ർ (മാരണം), അല്ലാഹു ആദരിച്ച മനുഷ്യാത്മാക്കളെ വധിക്കൽ, പലിശഭക്ഷിക്കൽ, അനാഥയുടെസ്വത്ത് ഭക്ഷിക്കൽ, പടക്കളത്തിൽനിന്നും പിന്തിരിഞ്ഞോടൽ, വിശ്വാസിനികളായ സ്ത്രീകളെ കുറിച്ചു അപവാദം പറയൽ (ബുഖാരി-മുസ്ലിം).

ഇവ ചെയ്യുന്നവനെ ഐഹിക- പാരത്രിക ശിക്ഷയിലൂടെ അതു നശിപ്പിക്കും എന്നതു കൊണ്ടാണ് ഇവക്കു നാശകരങ്ങളായ പാപങ്ങൾ എന്നു പറയുന്നത്. ശിർകിനെ കുറിച്ചുള്ള ഹദീസ് നാലാം പാഠത്തിൽ വന്നിട്ടുണ്ട്.

സിഹ്ർ. മന്ത്രങ്ങളും ചരടുകളും മനുഷ്യശരീരത്തിലും മനസ്സുകളിലും പ്രതികരണമുളവാക്കുന്ന പ്രവർത്തനങ്ങളുമാണത്. രോഗംബാധിപ്പിക്കുന്നവ, കൊന്നുകളയുന്നവ, ഭാര്യാ ഭർത്താക്കൾക്കിടയിൽ ഛിദ്രതയുണ്ടാക്കുന്നവ ഇങ്ങനെ സിഹ്ർ പലവിധമാകു

ന്നു. യഥാർത്ഥമല്ലാത്ത രൂപത്തിൽ, തോന്നിപ്പിക്കൽ മാത്രമായുള്ള സിഹ്ർ ഉണ്ട്. അല്ലാഹു പറയു ന്നു: **അവർ (ജാലവിദ്യക്കാർ) പറഞ്ഞു; ഹേ; മൂസാ, ഒന്നുകിൽ നീ ഇടുക, അല്ലെങ്കിൽ ഞങ്ങളാകാം ആദ്യമായി ഇടുന്നവർ. അദ്ദേഹം പറഞ്ഞു: അല്ല, നിങ്ങളിട്ടുകൊള്ളുക. അപ്പോഴതാ അവരുടെജാലവിദ്യ നിമിത്തം അവരുടെവടികളും കയറുകളുമെല്ലാം ഓടുകയാണെന്ന് അദ്ദേഹത്തിനു തോന്നുന്നു.** (ത്വാഹാ:65-66).

സിഹ്ർ നിഷിദ്ധമാകുന്നു. കാരണം അത് അവിശ്വാസമാകുന്നു. വിശ്വാസത്തിൻെറയും, തൗഹീദിൻെറയും നേർ വിപരീതമാണത്. അല്ലാഹു പറയുന്നു: **എന്നാൽ ഹാറൂത്തും, മാറൂത്തും ഏതൊരാൾക്കു പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരുപരീക്ഷണം മാത്രമാകുന്നു; അതിനാൽ (ഇതുപയോഗിച്ചു) ദൈവനിഷേധത്തിൽ ഏർപ്പെടരുത്എന്ന് അവർപറഞ്ഞു കൊടുക്കാതിരുന്നില്ല** (അൽബഖറ:102). സിഹ്ർ ചെയ്യുന്നവന് ഇസ്ലാമിക ശിക്ഷ കൊലയാണ്.

ഈ ഹദീസിൽ വന്നിട്ടുള്ളതും, ഗ്രന്ഥകാരൻ പറഞ്ഞിട്ടുള്ള തുമായ എല്ലാവൻപാപങ്ങളും ഖുർആനിൻെറയും, സുന്നത്തിൻെറയുംഅടിസ്ഥാനത്തിൽ നിഷിദ്ധങ്ങളാണ്. അതുമുഴുവൻ ഉപേക്ഷിക്കൽ മുസ്ലിമിനു നിർബന്ധമാകുന്നു. വല്ലതിലും അകപ്പെട്ടു പോയിട്ടുണ്ടെങ്കിൽ അതിൽനിന്നും പിൻമാറലും, ദുഃഖബോധം ഉണ്ടാകലും ഇനിയൊരിക്കൽ അതിലേക്കോ, മറ്റുപാപങ്ങളിലേക്കോ മടങ്ങുകയില്ലെന്നു തീരുമാനിക്കലും നിർബന്ധമാകുന്നു.

തൻെറഅധീനത്തിലുള്ളവരെ അതിൽനിന്നുതടയണം, അത് മതത്തിൽ വരുത്തിവക്കുന്ന അപകടങ്ങളെകുറിച്ചു അവർക്കു വിശദമാക്കി കൊടുക്കണം, അതിൽ വീണുപോകാതിരിക്കാൻ അവരോടു ആവശ്യപ്പെടുകയുംവേണം. കാരണം, ഇത് പുണ്യത്തിലും, ഭക്തിയിലുമുള്ള പരസ്പരസഹായമാകുന്നു. സദാചാരം കൽപിക്കുക, ദുരാചാരം വിരോധിക്കുക, അല്ലാഹുവിൻെറ മാർഗ്ഗത്തിലേക്കു ക്ഷണിക്കുക എന്നിവയിൽ ഉൾപ്പെടുന്നു. ഇതാണ് പ്രവാചകന്മാരുടെപാത. അല്ലാഹു പറയുന്നു: **(നബിയേ,) പറയുക, ഇതാണ് എൻെറമാർഗ്ഗം. ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്കു ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും** (യൂസുഫ്:108).

എല്ലാദോഷങ്ങളിൽ നിന്നും, പാപങ്ങളിൽനിന്നും അല്ലാഹു നമ്മെ യെല്ലാം രക്ഷിക്കട്ടെ.

# പാഠം.18

## മയ്യിത്ത് പരിപാലനം, നമസ്കാരം

വിശദരൂപം താഴെ കൊടുക്കുന്നു.

**മയ്യിത്ത് പരിപാലനം**

1-ഒരാളുടെ മരണം ഉറപ്പായാൽ അയാളുടെ കണ്ണുകൾ അടക്കുക, താടികെട്ടുക.

2-യുദ്ധത്തിൽ രക്തസാക്ഷിയായതല്ലാത്ത മുസ്ലിമിൻെറ മയ്യിത്ത് കുളിപ്പിക്കൽ നിർബന്ധമാകുന്നു. രക്തസാക്ഷിയെ കുളിപ്പിക്കുകയോ, മയ്യിത്ത് നമസ്കരിക്കുകയോ ചെയ്യില്ല. അവൻ രക്തസാക്ഷിത്വംവരിച്ച വസ്ത്രത്തിൽതന്നെ അവനെ മറമാടണം. കാരണം ഉഹ്ദിലെരക്തസാക്ഷികളെ നബി(സ) കുളിപ്പിക്കുകയോ, അവർക്കു വേണ്ടി നമസ്കരിക്കുകയോ ചെയ്തിരുന്നില്ല.

**3-കുളിപ്പിക്കേണ്ട രീതി:** മയ്യിത്തിൻെറ നഗ്നത മറക്കുക, അൽപം ഉയർത്തി വയറ്റത്ത് ലോലമായി അമർത്തി തടവുക. കുളിപ്പിക്കുന്നവൻ കയ്യിൽ തുണിക്കഷ്ണമോ അതു പോലെയുള്ള മറ്റുവസ്തുക്കളോ ചുറ്റുക, തുടർന്ന് ശൗച്യം ചെയ്യുക. നമസ്കാരത്തിനുള്ള ഒരു വുദു എടുപ്പിക്കുക. അനന്തരം തല, താടി മുതലായവ വെള്ളം, താളി, എന്നിവ ഉപയോഗിച്ചു കഴുകുക. തുടർന്ന് വലതുവശവും പിന്നീട് ഇടതുവശവും കഴുകുക. രണ്ടാമത്തെയും മൂന്നാമത്തെയും പ്രാവശ്യവും ഇങ്ങനെ തന്നെ കഴുകുക. ഓരോപ്രാവശ്യവും കൈ വയറ്റത്തുകൂടി നടത്തണം. അപ്പോൾ വല്ലതും പുറത്തുവന്നാൽ കഴുകണം. പിൻദ്വാരം പരുത്തി പോലെയുള്ള വസ്തുക്കൾ കൊണ്ട് അടക്കുക. അതുകൊണ്ടും നിൽക്കുന്നില്ലെങ്കിൽ ചൂടുള്ള മണ്ണ് ആധുനിക മെഡിക്കൽ പ്ളാസ്റ്റർ എന്നിവയോ ഉപയോഗിച്ചു അടക്കുക.

വീണ്ടും വുദുഎടുപ്പിക്കുക. മൂന്നുപ്രാവശ്യംകൊണ്ട് ശുദ്ധിയായില്ലെങ്കിൽ അഞ്ചോ,ഏഴോആക്കിഉയർത്താം. വസ്ത്രംകൊണ്ട് തുടക്കുക, സുജൂദിൻെറ അവയവങ്ങളിലും, കക്ഷത്തിലും, ഗുഹ്യസ്ഥാനത്തും സുഗന്ധംപുരട്ടുക. ശരീരം മുഴുവൻ സുഗന്ധം പൂശുന്നത് നല്ലതാണ്. കഫൻ തുണിയിൽ സുഗന്ധം പുകപ്പിക്കണം. മീശ,നഖം എന്നിവ വലുതാണെങ്കിൽ വെട്ടുക. മുടിചീകേണ്ടതില്ല. സ്ത്രീയുടെമുടി മൂന്നായിപിരിച്ച് പിൻഭാഗത്തേക്കിടുക.

**4-കഫൻ ചെയ്യൽ:** പുരുഷനെ മൂന്നുവെള്ളത്തുണിയിൽ കഫൻചെയ്യലാണ് ഏറ്റവുംഉത്തമം. കുപ്പായം, തലപ്പാവ് എന്നിവയില്ല. ഒന്ന് ഒന്നിൻെറ മേലെയാക്കി ചുറ്റണം. ഒരുകുപ്പായം, തുണി, ഒരുചുറ്റുതുണി എന്നിവയിൽ കഫൻ ചെയ്താലും തെറ്റില്ല. സ്ത്രീയെ അഞ്ചുവസ്ത്രങ്ങളിലാണ് കഫൻചെയ്യുക. ഒരു നമസ്കാരക്കുപ്പായം, മക്കന, തുണി, ചുറ്റാനുള്ള രണ്ടുതുണികൾ.

ആൺകുട്ടിയെ ഒന്നുമുതൽ മൂന്നുവരെ വസ്ത്രങ്ങളിൽ കഫൻചെയ്യപ്പെടാം. പെൺകുട്ടിയാണെങ്കിൽ ഒരുകുപ്പായവും, ചുറ്റാനുള്ള രണ്ടുതുണികളും. ഏതൊരുമയ്യിത്തിനും നിർബന്ധം അതിനെ മുഴുവനായിമൂടുന്ന ഒരുതുണിയാണ്.

മയ്യിത്ത് ഇഹ്റാമിലുള്ള ആളാണെങ്കിൽ വെള്ളം, താളി എന്നിവകൊണ്ട് കുളിപ്പിക്കണം. അയാളുടെഇഹ്റാംതുണിയിൽതന്നെ കഫൻചെയ്യണം. തല, മുഖംഎന്നിവ മൂടാൻപാടില്ല. സുഗന്ധം പൂശാൻപാടില്ല. കാരണം അവൻ ഖിയാമത് നാളിൽ തൽബിയ്യത്ത് ചൊല്ലിക്കൊണ്ടായിരിക്കും ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന് നബി (സ)യിൽനിന്നും സ്ഥിരപ്പെട്ടിരിക്കുന്നു. ഇഹ്റാമിലുള്ള സ്ത്രീയാണെങ്കിൽ മറ്റുള്ളസ്ത്രീകളെ പോലെതന്നെ കഫൻചെയ്യണം. സുഗന്ധംപൂശരുത്, അവളുടെമുഖം മുഖമൂടികൊണ്ടും കൈകൾ കയ്യുറകൊണ്ടും മൂടരുത്. എന്നാൽ അവളുടെകയ്യും മുഖവും മുമ്പ് സ്ത്രീയുടെകഫൻ വിശദീകരിച്ചതുപോലെ മൂടണം.

5-മയ്യിത്തിനെ കുളിപ്പിക്കാനും നമസ്കരിക്കാനും മറവുചെയ്യാനും ഏറ്റവും അവകാശപ്പെട്ടവർ അയാൾ വസ്വിയ്യത്ത് ചെയ്ത ആളാകുന്നു. പിന്നീട് പിതാവ്, പിന്നീട് പിതാമഹൻ, പിന്നീട് ഏറ്റവും അടുത്തബന്ധുക്കൾ പിന്നീട് അവർക്കടുത്തവർ എന്നക്രമത്തിലാണ്.

സ്ത്രീയെ കുളിപ്പിക്കേണ്ടത് അവൾ വസ്വിയ്യത്ത് ചെയ്ത സ്ത്രീ, മാതാവ്, മാതൃമഹതി, അടുത്തബന്ധുക്കളായ സ്ത്രീകൾ, പിന്നീട് അവർക്കടുത്തവർ എന്ന ക്രമത്തിലാകുന്നു. ഭാര്യക്ക് ഭർത്താവിനെയും, ഭർത്താവിന് ഭാര്യയെയും കുളിപ്പിക്കാം. അബൂബകർ സിദ്ദീഖി (റ)നെ തൻെറഭാര്യയും, അലി(റ) ഭാര്യ ഫാത്വിമയെയും കുളിപ്പിച്ചിരുന്നു.

**6-മയ്യിത്ത് നമസ്കാരം:** നാലു തക്ബീറുകൾ ചൊല്ലണം.ഒന്നാമത്തേതിനു ശേഷം ഫാതിഹ ഓതുക. ചെറിയ സൂറത്തോ, ഒന്നോ രണ്ടോ ആയത്തുകളോ ഓതുന്നതും നല്ലതാണ് എന്ന് ഇബ്നുഅബ്ബാസ് (റ)ൽ നിന്നും ഉദ്ധരിക്കപ്പെട്ട ഹദീസിലുണ്ട്. രണ്ടാമത്തെ തക്ബീറിനുശേഷം-തശഹ്ഹുദിലെപ്പോലെ- നബിയുടെമേൽ സ്വലാത്ചൊല്ലണം. മൂന്നാമെത്ത തക്ബീറിനു ശേഷം ഈ ദുആചൊല്ലണം.

اَللّٰهُمَّ اغْفِرْ لِحَيِّنَا وَمَيِّتِنَا ، وَشَاهِدِنَا وَغَائِبِنَا ، وَصَغِيرِنَا وَكَبِيرِنَا ، وَذَكَرِنَا وَأُنْثَانَا ، اللّٰهُمَّ مَنْ أَحْيَيْتَهُ مِنا فَأَحْيِهِ عَلَى الإِسْلامِ، وَمَنْ تَوَفَّيْتَهُ مِنا فَتَوَفَّهُ عَلَى الإِيمَانِ، اللّٰهُمَّ اغْفِرْ لَهُ وَارْحَمْهُ وَعَافِهِ وَاعْفُ عَنْهُ ، وَأَكْرِمْ نُزُلَهُ وَوَسِّعْ مُدْخَلَهُ ، وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ، وَنَقِّهِ مِنَ الْخَطَايَا كَمَا يُنَقَّى الثَّوْبُ الأَبْيَضُ مِنَ الدَّنَسِ، وَأَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ ، وَأَهْلاً خَيْرًا مِنْ أَهْلِهِ ، وَأَدْخِلْهُ الْجَنَّةَ، وَأَعِذْهُ مِنْ عَذَابِ الْقَبْرِ، وَعَذَابِ النَّارِ، وَافْسَحْ لَهُ فِي قَبْرِهِ، وَنَوِّرْ لَهُ فِيهِ، اللّٰهُمَّ لاتَحْرِمْنَا أَجْرَهُ، وَلاتُضِلَّنَا بَعْدَهُ.

*അല്ലാഹുമ്മഗ്ഫിർ ലിഹയ്യിനാ വമയ്യിതിനാ, വശാഹിദിനാ വഗാഇബിനാ, വസ്വഗീരിനാവകബീരിനാ, വദ്കരിനാ വഉൻഥാനാ, അല്ലാഹുമ്മ മൻ അഹ്‌യയ്തഹൂ മിന്നാ ഫഅഹ്‌യിഹീ അലൽ ഇസ്ലാമി, വമൻ തവഫ്ഫയ്തഹൂ മിന്നാ ഫതവഫ്ഫഹു അലൽഈമാനി, അല്ലാഹുമ്മ ഗ്ഫിർലഹൂ വർഹംഹൂ, വആഫിഹീ വഅ്ഫു അൻഹൂ, വഅക്രിം നുസുലഹൂ വവസ്സിഅ് മുദ്ഖലഹൂ, വഗ്സിൽഹൂബിൽമാഇ വഥ്ഥൽജി വൽബറദി, വനഖ്ഖിഹീ മിനൽഖത്വായാ കമായുനഖ്ഖ ഥ്ഥൗബുൽ അബ്‌യദു മിനദ്ദനസി, വഅബ്ദിൽഹൂ ദാറൻ ഖൈറൻ മിൻ ദാരിഹീ, വഅഹ്ലൻ ഖൈറൻമിൻ അഹ്ലിഹീ, വഅദ്ഖിൽഹുൽ ജന്നത്ത, വഅഇദ്ഹു മിൻഅദാബിൽഖബ്‌രി, വഅദാബിന്നാരി, വഫ്സഹ്ലഹൂ ഫീഖബ്‌രിഹീ, വനവ്വിർ ലഹൂ ഫീഹി, അല്ലാഹുമ്മ ലാതുഹർ-രിംനാ അജ്റഹൂ, വലാതുദില്ലനാ ബഅ്ദഹൂ.*

(അല്ലാഹുവേ, ഞങ്ങളിലെ ജീവിച്ചിരിക്കുന്നവർക്കും മരിച്ചവർക്കും ഹാജറുള്ളവർക്കും ഇല്ലാത്തവർക്കും ചെറിയവർക്കും വലിയവർക്കും പുരുഷർക്കും സ്ത്രീകൾക്കും നീ പൊറുത്തു തരേണമേ. അല്ലാഹുവേ, ഞങ്ങളിൽനിന്നും നീ ജീവിപ്പിക്കുന്നവരെ ഇസ്ലാമിൽ ജീവിപ്പിക്കേണമേ, മരിപ്പിക്കുന്നവരെ ഈമാനോടെ മരിപ്പിക്കേണമേ. അല്ലാഹുവേ, ഈമയ്യിത്തിന് പൊറുത്തു കൊടു

ക്കുകയും, അദ്ദേഹത്തോട് കരുണകാണിക്കുകയും, അദ്ദേഹത്തിന് സുഖംനൽകുകയും മാപ്പുനൽകുകയും ചെയ്യേണമേ. അദ്ദേഹത്തിൻെറ ആതിഥ്യത്തെ ആദരിക്കുകയും, അദ്ദേഹത്തിൻെറ പ്രവേശനമാർഗ്ഗം വിശാലമാക്കുകയും ചെയ്യേണമേ. വെള്ളം, മഞ്ഞ്, ആലിപ്പഴം എന്നിവകൊണ്ട് അദ്ദേഹത്തെ കഴുകുകയും, ശുഭ്രവസ്ത്രം അഴുക്കിൽനിന്നും ശുദ്ധിയാക്കുന്നതുപോലെ പാപങ്ങളിൽ നിന്ന് അദ്ദേഹത്തെ ശുദ്ധമാക്കുകയും ചെയ്യേണമേ. അദ്ദേഹത്തിനു തൻെറവീടിനെക്കാൾ ഉത്തമമായഭവനവും, കുടുംബത്തെക്കാൾ ഉത്തമമായകുടുംബവും, നീ നൽകേണമേ. സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുകയും, ഖബ്റിലെയും നരകത്തിലെയും ശിക്ഷയിൽ നിന്നും അദ്ദേഹത്തെ രക്ഷിക്കുകയും ചെയ്യേണമേ. അദ്ദേഹത്തിൻെറ ഖബ്റിൽ വിശാലതയും പ്രകാശവും നൽകേണമേ. അല്ലാഹുവേ, ഇതിൻെറപ്രതിഫലം ഞങ്ങൾക്കു തടയരുതേ, ശേഷം ഞങ്ങളെ ദുർമാർഗ്ഗത്തിലാക്കരുതേ।

തുടർന്ന് നാലാമത്തെ തക്ബീർ ചൊല്ലി, വലതുവശത്തേക്ക് ഒരുസലാം വീട്ടുക.

ഓരോതക്ബീറിലും കൈഉയർത്തൽ സുന്നത്താകുന്നു.

മയ്യിത്ത് സ്ത്രീയാണെങ്കിൽ പ്രാർത്ഥനാവചനങ്ങൾ സ്ത്രീലിംഗവും (അല്ലാഹുമ്മഗ്ഫിർലഹാ...), രണ്ടോ അതിലധികമോ ഉണ്ടെങ്കിൽ ദ്വിവചനത്തിൻെറയും, ബഹുവചനത്തിൻെറയും പദങ്ങളും ആക്കി ഉപയോഗിക്കാവുന്നതാണ്.

ചെറിയ കുട്ടിയുടേതാണെങ്കിൽ പാപമോചനത്തിനുള്ള പ്രാർത്ഥനക്കു പകരം ഇങ്ങനെ പറയുക.

اَللّٰهُمَّ اجْعَلْهُ فَرَطًا وَذُخْرًا لِوَالِدَيْهِ، وَشَفِيعًا مُجَابًا، اَللّٰهُمَّ ثَقِّلْ بِهِ مَوَازِينَهُمَا، وَأَعْظِمْ بِهِ أُجُورَهُمَا، وَأَلْحِقْهُ بِصَالِحِ سَلَفِ الْمُؤْمِنِينَ، وَاجْعَلْهُ فِي كَفَالَةِ إِبْرَاهِيمَ عَلَيْهِ السَّلَامُ، وَقِهِ بِرَحْمَتِكَ عَذَابَ الْجَحِيمِ.

*അല്ലാഹുമ്മജ്അൽഹു ഫറത്വൻ വദുഖ്റൻ ലിവാലിദയ്ഹി, വശഫീഅൻ മുജാബൻ, അല്ലാഹുമ്മ ഥഖ്ഖിൽ ബിഹി മവാസീനഹുമാ, വഅഅ്ദ്വിംബിഹി ഉജൂറഹുമാ, വഅൽഹിഖ്ഹു ബിസ്വാലിഹി സലഫിൽമുഅ്മിനീൻ, വജ്അൽഹു ഫീകഫാലതി ഇബ്റാഹിമ അലൈഹിസ്സലാം, വഖിഹി ബിറഹ്മതിക അദാബൽ ജഹീം.*

[അല്ലാഹുവേ, ഈകുട്ടിയെ അതിൻെറമാതാപിതാക്കൾക്ക് ഒരു മുൻഗാമിയും സമ്പാദ്യവും, സ്വീകാര്യനായ ഒരുശുപാർശകനും ആക്കേണമേ, അല്ലാഹുവേ, ഇതുനിമിത്തം അവരുടെ ത്രാസുകൾക്കു നീ ഭാരംകൂട്ടേണമേ, അവരുടെ പ്രതിഫലങ്ങളെ നീ വർദ്ധിപ്പിക്കേണമേ, ഈകുട്ടിയെ സദ്വൃത്തരും സത്യവിശ്വാസികളുമായ മുൻഗാമികളിൽ ചേർക്കേണമേ, ഇബ്റാഹീം നബി (അ)യുടെ സംരക്ഷണത്തിൽ (സ്വർഗ്ഗത്തിലുള്ള കുട്ടികളുടെകൂട്ടത്തിൽ) ആക്കേണമേ, നിൻെറഅനുഗ്രഹം നിമിത്തം നരകശിക്ഷയിൽ നിന്നും ഈ കുട്ടിയെ രക്ഷിക്കേണമേ]

പുരുഷ മയ്യിത്തിൻെറ തലയുടെനേരെയും, സ്ത്രീമയ്യിത്തിൻെറ മദ്ധ്യഭാഗത്തുമാണ് ഇമാം നിൽക്കൽസുന്നത്ത്. മയ്യിത്തുകൾ ഒരുമിച്ചുകൂടിയാൽ പുരുഷൻെറമയ്യിത്താണ് ഇമാമിൻെറഅടുത്തു വക്കേണ്ടത്. സ്ത്രീയുടേത് ഖിബ്ലയുടെഭാഗത്തും. അവരുടെ കൂട്ടത്തിൽ ആൺകുട്ടിയുമുണ്ടെങ്കിൽ സ്ത്രീയെക്കാൾ കുട്ടിയെ മുന്തിക്കണം. പിന്നീട് സ്ത്രീ, പിന്നീട് പെൺകുട്ടി എന്നക്രമത്തിൽ. ആൺകുട്ടിയുടെതല പുരുഷൻെറതലയുടെനേരെയും, സ്ത്രീയുടെമദ്ധ്യഭാഗം പുരുഷൻെറതലയുടെനേരെയും വക്കണം. ഇപ്രകാരം പെൺകുട്ടിയുടെതല സ്ത്രീയുടെതലയുടെ നേരെവക്കണം. നമസ്കരിക്കുന്നവരെല്ലാം ഇമാമിൻെറപിന്നിൽ നിൽക്കണം. സ്വഫ്ഫിൽ സ്ഥലംകിട്ടാതെ ഒറ്റക്കാകുന്നവനൊഴികെ. അയാൾ ഇമാമിൻെറ അടുത്ത് വലതുവശത്തായി നിൽക്കണം.

*എല്ലാസ്തുതിയും ഏകനായ അല്ലാഹുവിനാകുന്നു. അവൻെറ കൃപാകടാക്ഷങ്ങൾ പ്രവാചകനിലുംകുടുംബത്തിലും അനുയായികളിലും സദാ വർഷിക്കുമാറാകട്ടെ.*

# شرح الدروس المهمة

باللغة المليبارية

إعداد

شعبة توعية الجاليات في الزلفي

هذه الطبعة

تمت بإشراف المكاتب التعاونية للدعوة والإرشاد

بالبديعة والصناعية الجديدة

# شرح الدروس المهمة

## باللغة المليبارية

إعداد

شعبة توعية الجاليات في الزلفي

سنة الطبع ١٤١٩هـ

طبع على نفقة احد المحسنين
غفر الله له ولوالديه ولجميع المسلمين

المكاتب التعاونية للدعوة والإرشاد بالبديعة والصناعية الجديدة
تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد
ص.ب: ٢٤٩٣٢ الرياض ١١٤٥٦ - البديعة: تلفون ٤٣٣٠٨٨٨ (اربعة خطوط)
الصناعية: تلفون ٤٣٠٣٥٧٢ - فاكس ٤٣٠١١٢٢ المملكة العربية السعودية